G U P SCHOOL PINANGODE

# ഗവ. യു.പി. സ്കൂൾ, പിണങ്ങോട്

വൈത്തിരി ഉപജില്ല




# ലക്ഷ്യ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

**2025-2026**

GUP SCHOOL
PINANGODE

## ഗവ. യു.പി. സ്കൂൾ പിണങ്ങോട്

വൈത്തിരി ഉപജില്ല

വയനാട് ജില്ല

# PROFILE

| | | |
|---|---|---|
| Name of School | : | G U P School Pinangode |
| Date of Establishment | : | 1905 |
| Name of Village | : | Achooranam |
| Name of Cluster | : | Pinangode |
| Name of Panchayath | : | Pozhuthana |
| Name of Block | : | Vythiri |
| Name of BRC with Phone Number | : | Vythiri |
| | : | 04936 296102 |
| Name of District | : | Wayanad |
| Name of Sub District | : | Vithiri |
| Name of Headmistress | : | Abdul Basheer P. |
| Mobile Number | : | 9947635287 |
| Senior Assistant | : | Meeramma M K |
| E-mail ID | : | pinangodegups@gmail.com |
| School Code Number | : | 15260 |
| P T A President | : | Jasar Palakkal |
| M P T A President | : | Priya Shyju |

# ആമുഖം

കേരളത്തിന്റെ വിദ്യാഭ്യാസ രംഗം നാളിതുവരെ ദർശിച്ചിട്ടില്ലാത്ത വിധമുള്ള മുന്നേറ്റത്തിനൊരുങ്ങുകയാണ്. സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷയ്ക്കൊത്ത് പൊതുവിദ്യാലയങ്ങളെ മാറ്റിയെടുക്കാനുള്ള സമഗ്രമായ ജനകീയ യജ്ഞമാണ് ഇതുകൊണ്ട് വിഭാവനം ചെയ്യുന്നത്. ഇതിനായി വിദ്യാലയത്തിൽ ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുന്നു. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയാണ് വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകുന്നത്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-സന്നദ്ധ സംഘടനാ പ്രവർത്തകർ, സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയൂ.

ഭിന്നശേഷിക്കാരായവർക്കും പിന്നോക്ക നിലവാരത്തിലുള്ളവർക്കും, ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമാകുന്ന കാര്യങ്ങളും പഠന പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ പരിമിതികൾ പരിഹരിക്കാനും ഫലപ്രദമായ ഐ.ടി. വിദ്യാഭ്യാസം സാധ്യമാക്കാനുമുള്ള നടപടികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. ഇങ്ങനെ പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള പരിമിതികളെ പരിഹരിച്ച് മതനിരപേക്ഷ ജനാധിപത്യ രീതി ഉൾക്കൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനിക വൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.

വിദ്യാലയത്തിന്റെ വസ്തുനിഷ്ഠാ സാഹചര്യങ്ങൾ വിലയിരുത്തി ഇവിടുത്തെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി തയ്യാറാക്കിയ ഈ പദ്ധതിയിൽ, ഈ വിദ്യാലയം സവിശേഷമായി മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങളും അവ സാർത്ഥമാക്കാൻ സഹായകമായ പ്രവർത്തനകങ്ങളും, തന്ത്രങ്ങളും സമയബന്ധിതമായി എങ്ങനെയെല്ലാം നടപ്പാക്കുമെന്ന് വിശദീകരിക്കുന്നു. ഈ സ്ഥാപനത്തിലെ മുഴുവൻ വിദ്യാർത്ഥികളുടേയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി കൂട്ടായ ശ്രമങ്ങളിലൂടെ തയ്യാറാക്കുന്ന ഈ രേഖ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഈ വിദ്യാലയത്തിന്റെ സുപ്രധാന രേഖയായിരിക്കും.

# വിദ്യാലയ ചരിത്രം

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ആരംഭിക്കുകയും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സജീവമാവുകയും ചെയ്ത കുടിയേറ്റ പ്രക്രിയയിലൂടെവയനാടിന്റെ ചരിത്രത്തിൽ ഇടംപിടിച്ച ഒരു പ്രദേശമാണ് പിണങ്ങോട്. 'പിണങ്ങളുടോ നാട്' എന്നതിൽ നിന്നാണ് പിണങ്ങോട് എന്ന പദം ഉണ്ടായത് എന്ന് പറയപ്പെടുന്നു. ധാരാളം ശവങ്ങൾ അടക്കം ചെയ്ത പ്രദേശം ആയതുകൊണ്ടാവാം ഇങ്ങനെ ഒരു പേര് വന്നത് എന്ന് കരുതപ്പെടുന്നു. കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ പല പ്രദേശങ്ങളിൽ നിന്നും കുടിയേറിയ മുസ്‌ലിം വിഭാഗമാണ് കൂടുതലായും ഇവിടെ പാർപ്പുറപ്പിച്ചിരിക്കുന്നത്. കൃഷിയിലും, കാപ്പി എസ്റ്റേറ്റുകളിലെ ജോലിയിലും വ്യാപാരത്തിലുമാണ് ഇവർശ്രദ്ധയൂന്നിയത്. ഹൈന്ദവ സമൂഹത്തിലെ ഏതാനും വിഭാഗങ്ങളും, ആദിവാസികളിൽപെട്ട പണിയ, കുറിച്യ വിഭാഗങ്ങളും ഇവിടെ ഉണ്ടായിരുന്നു. പിണങ്ങോട് പുഴക്കൽ എന്നറിയപ്പെട്ടിരുന്ന കണാഞ്ചേരി പുഴ മുതൽ വെങ്ങപ്പള്ളി വരെ നീണ്ടു കിടന്നിരുന്ന ഈ പ്രദേശത്ത് സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ സജീവമായി നടന്നിരുന്നു. ഇതിന്റെ ഭാഗമായിട്ടാണ് ഈ പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർന്നുവന്നത്.

ജി.യു.പി. സ്കൂൾ പിണങ്ങോട് എന്നറിയപ്പെടുന്ന ഈ സ്ഥാപനത്തിന്റെ തുടക്കം 1905 ൽ കണാഞ്ചേരി പുഴക്കടുത്തുള്ള ഒരു പ്രദേശത്ത് ആയിരുന്നു. ഒരു ഷെഡിൽ ആരംഭിച്ച ഏകാധ്യാപക വിദ്യാലയം ആയിരുന്നു അത്. ഏകദേശം അഞ്ച് വർഷക്കാലം പ്രവർത്തിച്ച ഈ സ്ഥാപനം 1910ൽ പിണങ്ങോട് ടൗണിനടുത്തുള്ള നാരങ്ങക്കണ്ടി എന്നറിയപ്പെടുന്ന സ്ഥലത്തേക്ക് മാറ്റപ്പെട്ടു. കാതിരിപ്പക്കർ എന്ന മഹാമനസ്കനായിരുന്നു ഇവിടെ സ്ഥലവും ഷെഡും അനുവദിച്ചു നൽകിയത്. ഇന്നത്തെ കുനിയിൽ അടുത്തായിരുന്നു നാരങ്ങാ കണ്ടി. ഇത് പിന്നീട് സ്കൂൾ കണ്ടി എന്നറിയപ്പെടാൻ തുടങ്ങി. ഏതാനും വർഷങ്ങൾക്കു ശേഷം സ്കൂൾ തൊട്ടടുത്തുള്ള മണക്കോടൻ അബ്ദുവിന്റെ പീടിക മുറിയിലേക്ക് മാറ്റപ്പെട്ടു.. 1920 കാലഘട്ടത്തിലാണ് സ്കൂൾ ഇന്ന് പ്രവർത്തിക്കുന്ന പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടത്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും, സാമൂഹ്യ പരിഷ്കരണങ്ങളിലും താൽപര്യമുള്ള വ്യക്തിത്വമായ ശ്രീ. പുനത്തിൽ മമ്മദ് ഹാജി എന്നവരാണ് സ്കൂൾ പ്രവർത്തിക്കാനുള്ള കെട്ടിട സൗകര്യം ഒരുക്കി കൊടുത്തത്. 35 സെന്റ് സ്ഥലത്ത് സ്ഥലത്ത് L ആകൃതിയിലുള്ള ഒരു കെട്ടിടം, ഇഷ്ടിക, ഓട്, മരം എന്നിവ

ഉപയോഗിച്ച് നിർമ്മിക്കുകയും ഗവൺമെന്റിന് വാടകയ്ക്ക് നൽകുകയും ചെയ്യുകയായിരുന്നു. ഈ കെട്ടിടം 2010 വരെ സ്കൂളിന്റെ ഗൃഹാതുര സ്മൃതികൾ ഉയർത്തി ഇവിടെ നിലനിന്നിരുന്നു.

1950-കളിൽ ആയിരുന്നു ഈ സ്കൂൾ യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടത്. ഇതിനാവശ്യമായ ഭൂമി വയനാട്ടിലെ വിദ്യാഭ്യാസ രംഗത്ത് ഏറെ സംഭാവനകൾ അർപ്പിച്ച സാംസ്കാരിക നായകൻ ശ്രി. പത്മപ്രഭ ഗൗഡർ വിട്ടുകൊടുക്കുകയായിരുന്നു. ഇവിടെ നാല് ക്ലാസ് റൂമുകൾ ഉള്ള ഒരുകെട്ടിടം ഓട്, ഇഷ്ടിക, മരം എന്നിവ ഉപയോഗിച്ച് നിർമ്മിക്കപ്പെട്ടു. 1965-70 കളിലാണ് സ്കൂളിന്റെ പ്രധാന കെട്ടിടം നിർമ്മിക്കപ്പെട്ടത്. ഏഴ് ക്ലാസ് റൂമുകളുള്ള ഈ കെട്ടിടങ്ങളും കരിങ്കല്ലും, ഓടും, മരവും ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. 1990 കൾക്ക് ശേഷം നിർമ്മിച്ച പല കെട്ടിടങ്ങളും ചോർന്നൊലിക്കുകയോ ജീർണിക്കുകയോ ചെയ്തപ്പോഴും ഈ കെട്ടിടങ്ങൾ പഴമയുടെ തനിമ നിലനിർത്തി. 1964 വരെ സ്കൂളിന് കുടിവെള്ളത്തിനു സൗകര്യം ഉണ്ടായിരുന്നില്ല. അടുത്തുള്ള വീടുകളിൽ നിന്നും മറ്റുമായിരുന്നു കുടിവെള്ളം ശേഖരിച്ചിരുന്നത്. ഇതിനിടക്കാണ് അത്തിമൂല പ്രദേശത്തുള്ള ഇരുപ്പാച്ച ഗൗഡർ എന്നവർ സ്കൂളിന് കിണർ കുഴിച്ചു നൽകാമെന്ന് പറഞ്ഞു. അദ്ദേഹത്തിന് മക്കൾ ഉണ്ടായിരുന്നില്ല. സ്കൂൾ പോലെയുള്ള പൊതു സ്ഥാപനത്തിന് കുടിവെള്ള സൗകര്യം ഏർപ്പെടുത്തി ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഒരു കുതിച്ചു ചാട്ടമാണ് പിണങ്ങോട് ഗവൺമെന്റ് യു. പി. സ്കൂൾ നടത്തിയിട്ടുള്ളത്. അതോടൊപ്പം തന്നെ അക്കാദമിക നിലവാരത്തിലും വലിയ മാറ്റങ്ങൾ സ്കൂളിന് ഉണ്ടായിട്ടുണ്ട്.

വിദ്യാലയം ഇന്ന് 120-ാം വർഷത്തിലേക്ക് കടക്കുമ്പോൾ 11 കെട്ടിടങ്ങളിലായി 31 ക്ലാസ് മുറികളിലാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നത്. അതിമനോഹരമായ ഭൂപ്രകൃതികൊണ്ട് വിദ്യാലയം അനുഗ്രഹീതമാണ് ജനസാന്ദ്രത ഏറെയുള്ള പിണങ്ങോട് പ്രദേശത്തെ സമൂഹത്തിന്റെ എന്നത്തേയും പ്രതീക്ഷയായിരിക്കും ഈ വിദ്യാലയം. സമൂഹത്തിന്റെ പിന്തുണ എന്നും ഈവിദ്യാലയത്തിനുമുണ്ടായിട്ടുമുണ്ട്. പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെ 795 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. 37 അധ്യാപകർ ജോലിചെയ്യുന്നുമുണ്ട്. ഉച്ചഭക്ഷണ പരിപാടി യൂണിഫോം വിതരണം പുസ്തക വിതരണം, പ്രഭാത ഭക്ഷണ പരിപാടി എന്നിങ്ങനെ വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ എല്ലാം തന്നെ നല്ല രീതിയിൽ നടക്കുന്നുണ്ട്.

# പൊതുവിശകലനം

പിണങ്ങോട് പ്രദേശത്തെ ഏറ്റവും പാവപ്പെട്ടവരും നിർധനരുമായ കുടുംബത്തിൽ നിന്നും വരുന്നവരാണ് ഇവിടുത്തെ മുഴുവൻ കുട്ടികളും. ഇതിൽ 15%വും ഗോത്രവർഗത്തിൽപെട്ടവരാണ്. അതുകൊണ്ടുതന്നെ ദൈനംദിന സാമ്പത്തിക പ്രവർത്തനകൾ പോലും വളറെ ബുദ്ധിമുട്ടിയാണ് നിറവേറ്റുന്നത്. ഈ സാഹചര്യത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ നേരിടുന്ന പരിമിതികൾ ഒട്ടേറെയുണ്ട്. ഇന്ന് വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യവികസനം ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഊടും പാവുമാണ് കെട്ടിടങ്ങളുടെ ശോച്യാവസ്ഥ, അവയുടെ കിടപ്പ്, ജലദൗർലഭ്യം, ഐ.ടി. ലാബിന്റെ അപര്യാപ്തത, ഫർണിച്ചറുകളുടെ പോരായ്മ, ചുറ്റുമതിലിന്റേയും സുരക്ഷാ മതിലിന്റെയും അഭാവം, ഇങ്ങനെയുള്ള അപര്യാപ്തതകൾ സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് പലപ്പോഴും പ്രതികൂലമായി ബാധിക്കാറുണ്ട്. മെച്ചപ്പെട്ട പാചകപ്പുര, പുതിയ കെട്ടിടങ്ങൾ, മികച്ച അധ്യാപകരുടെ സേവനം, മത്സര പരീക്ഷകളിലെ മികച്ച വിജയം, മോഡൽ പ്രീപ്രൈമറി, മോഡൽ ഇൻക്ലൂസീവ് പദ്ധതി പ്രകാരം ഭിന്നശേഷം സൗഹൃദ ക്ലാസ് മുറികൾ, ജൈവ വൈവിധ്യ പാർക്ക് എന്നിവ സ്കൂളിനെ വൈത്തിരി ഉപജില്ലയിലെ തന്നെ മികച്ച സ്കൂൾ ആക്കിയിട്ടുണ്ട്. എങ്കിലും ചെറിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് വേണ്ടത്ര അക്കാദമിക നേട്ടം കൈവരിക്കാൻ കഴിയുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. വേണ്ടത്ര ആവശ്യബോധമില്ലാത്തതോ കുടുംബ പശ്ചാത്തലമോ, പ്രത്യേക ശ്രദ്ധ ആവശ്യമായി വരുന്നതോ ആകാം ഇതിന്റെ കാരണം എന്ന് കണ്ടെത്താൻ കഴിയുന്നു. ഒരു മികച്ച അക്കാദമിക് പ്ലാനിന്റെ സഹായത്തോടെ ഇത്തരം പ്രശ്നങ്ങളെ മറികടക്കാൻ കഴിയും എന്നു പ്രതീക്ഷിക്കുകയാണ്.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമികതയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- മുഴുവൻ ക്ലാസ്സുകളിലും ഐ.സി.ടി. സാധ്യത ഉറപ്പു വരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകുംവിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശിൽപശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്റ്റുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക. പുതിയ തലമുറയിലെ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.

- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്തുതക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# അധ്യാപകരും വിവരങ്ങളും

| അധ്യാപകരുടെ പേര് | | ഫോൺ നമ്പർ |
|---|---|---|
| 1. | അബ്ദുൽ ബഷീർ പി. | 9947635287 |
| 2. | ദിജി ഇ.കെ. | 9037527675 |
| 3. | സുമയ്യ | 9544857673 |
| 4. | ദീപ കെ. | 9048440312 |
| 5. | നസീമ ഇ.കെ. | 9846661508 |
| 6. | അനു അഗസ്റ്റിൻ | 9400642157 |
| 7. | ഉമേഷ് കെ. | 9995522163 |
| 8. | അനീസ | 9496015999 |
| 9. | സിൽന പി.കെ. | 9961319222 |
| 10. | സംഗീത എസ്. | 9947552754 |
| 11. | രവിത | 6238831910 |
| 12. | സഹല | 9947736062 |
| 13. | പ്രിൻസി പി. ജോസ് | 9745808141 |
| 14. | അഞ്ജലി ജോസ് | 7558029021 |
| 15. | പങ്കജാക്ഷി കെ.പി. | 97446202127 |
| 16. | നജ്മ സി.ടി. | 9745696467 |
| 17. | മിനിമോൾ | 9747345967 |
| 18. | മീരമ്മ എം.ബി. | 9497076340 |
| 19. | ഷർമിള വി.കെ. | 8848240450 |
| 20. | പ്രീത കെ. | 9961790232 |
| 21. | ഷാലി | 9539253296 |
| 22. | ഫിർദൗസ് പി.പി. | 9961787041 |
| 23. | സുഹറ കെ.പി. | 9496385859 |
| 24. | സീമ സി.കെ. | 6282884682 |
| 24. | ജയ പി.എം. | 9544568891 |
| 25. | ഷിനി യു.എസ്. | 8714526559 |
| 26. | അഷ്റഫ് എ. | 9495455150 |
| 27 | ഷംസിയ പി.പി. | 9846028428 |
| 28 | ഷിബിന | 8590126630 |
| 29 | ഫാത്തിമത്ത് ബെൻഷി | 9048795245 |
| 30 | ശിവപ്രസാദ് | 9605794308 |
| 31 | സബീന | 7025197252 |
| 32 | മാജിദ | 9947466646 |
| 33 | ജ്യോതി | 7559039029 |
| 34 | മെർളിൻ | 9497816953 |
| 35 | റൂബി | 8606385457 |
| 36 | നജ്മ | 9061747013 |

# സ്കൂൾ ഡാറ്റ

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | : | അബ്ദുൽ ബഷീർ പി. |
| സ്റ്റാഫ് | : | 37 |
| അധ്യാപകർ | : | 34 |
| സ്പെഷ്യൽ അധ്യാപകർ | : | 1 |
| ക്ലാസ് ഡിവിഷൻ | : | 24 (1 മുതൽ 7 വരെ) |
| പ്രീ-പ്രൈമറി | : | 1 |
| കെട്ടിടങ്ങൾ | : | 10 |
| സ്കൂൾ കോമ്പൗണ്ട് | : | 2 ഏക്കർ 01 സെന്റ് |
| സ്ഥാപിത വർഷം | : | 1905 |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | വി.ഐ. | എച്ച്.ഐ. | എം.ആർ. | ഓട്ടിസം | പഠന പിന്നോക്കം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| ആകെ | | | | | | | |

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1. | ക്ലാസ് മുറി | 31 | |
| 2. | ആൺകുട്ടികൾക്കുള്ള ടോയ്ലെറ്റ് | 14 | |
| 3. | പെൺകുട്ടികൾക്കുള്ള ടോയ്ലെറ്റ് | 14 | |
| 4. | കിണർ | 1 | |
| 5. | ലൈബ്രറി | 1 | |
| 6. | ചുറ്റുമതിൽ | ഭാഗികം | |
| 7. | കളിസ്ഥലം | ഭാഗികം | |
| 8. | അടുക്കള | 1 | |
| 9. | കമ്പ്യൂട്ടർ ലാബ് | 1 | |
| 10. | റീഡിംഗ് റൂം | 1 | |
| 11. | സ്കൂൾ ബസ് | ഇല്ല | |
| 12. | വിഷയ ലാബുകൾ | ഉണ്ട് | |
| 13. | സ്റ്റേജ് | 1 | |
| 14. | കമ്പ്യൂട്ടർ | 5 | |
| 15 | ലാപ്ടോപ്പ് | 48 | |

## മറ്റു ഐ.സി.ടി. സാധ്യതകൾ

| സംവിധാനം | ഉണ്ട് / ഇല്ല |
| --- | --- |
| വിക്ടർചാനൽ | |
| ഇന്റർനെറ്റ് | |
| വെബ്സൈറ്റ് | |
| ഇ-മെയിൽ | |
| സ്മാർട്ട് ക്ലാസ് റൂം | |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

1. റിസോഴ്സ് അധ്യാപകരുടെ കുറവ്.
2. പത്ത് ശതമാനം കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
3. ശരിയായ കായിക ക്ഷമത ഉറപ്പു വരുത്താൻ കഴിയുന്നില്ല.
4. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
5. കുട്ടികൾക്കാവശ്യമായ ഗൈഡ്ലൈൻസ് / കൗൺസലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.
6. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
7. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. ഭൂമിശാസ്ത്രപരമായ ഘടന.
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
4. ടോയ്ലെറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻകഴിയുന്നില്ല.
5. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
6. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
7. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
8. വിദ്യാലയം ഒരു പാഠപുസ്കം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാ

ക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.സി, പി.ടി.എ. എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
5. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
6. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

# നിലവിലെ സ്കൂൾ പ്രവർത്തനങ്ങൾ

ഗൃഹ സന്ദർശനം

പ്രവേശനോത്സവം

പി. ടി. എ. ജനറൽ ബോഡി യോഗം

പി. ടി. എ. എക്സിക്യൂട്ടീവ് യോഗങ്ങൾ

സി. പി. ടി. എ.

കലാമേള

ശാസ്ത്ര – ഗണിത ശാസ്ത്ര – സാമൂഹ്യ ശാസ്ത്ര –

പ്രവൃത്തി പരിചയ മേള.

കായിക മേള

വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം

ക്ലബ്ബ് പ്രവർത്തനങ്ങൾ

സ്കൂൾ പാർലമെന്റ് ഇലക്ഷൻ

പഠന പ്രവർത്തനങ്ങൾ – ശ്രദ്ധ – തിളക്കം –

സ്കോളർഷിപ്പുകൾ – പരീക്ഷ പരിശീലനം

യൂണിറ്റ് ടെസ്റ്റ്, ടേം ഇവാലുവേഷൻ,

സ്കൂൾ ലാബ്,

സ്കൂൾ ലൈബ്രറി,

പ്രഭാത ഭക്ഷണം (എസ്. ടി. വിദ്യാർത്ഥികൾക്ക്)

ഉച്ചഭക്ഷണം, യൂണിഫോം വിതരണം, പഠന യാത്രകൾ,

ആരോഗ്യ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ,

ശുചിത്വ പരിപാടികൾ,

പച്ചക്കറി കൃഷി, ഹരിതവൽക്കരണം,

കലാ കായിക പ്രവൃത്തി പരിചയ ക്ലാസ്സുകൾ ദിനാഘോഷങ്ങൾ,

വിദ്യാവാഹിനി, ഊരു സന്ദർശനം, ഗോത്രകലാമേള

# മേഖല : ഭാഷ

## ആമുഖം

ആശയ വിനിമയോപാധി എന്നതിലപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും സംസ്കാരവും പ്രതിഫലിക്കുന്നു. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. വിജ്ഞാന സ്വീകരണത്തിന്റേയും വിനിമയത്തിന്റേയും മാധ്യമമാണത്. ജീവിത പരിസരങ്ങളിൽ നിന്ന് ആർജ്ജിക്കുന്ന ആശയങ്ങളേയും ഭാവങ്ങളേയും കരുതലോടെയും ആത്മവിശ്വാസത്തോടെയും സന്ദർഭോചിതമായും സർഗാത്മകതയോടെയും വിനിമയം ചെയ്യാൻ കഴിയേണ്ടതുണ്ട്. ഭാഷാശേഷികളെ നിശ്ചിത തലങ്ങളിൽ ചിട്ടപ്പെടുത്തുന്നത് വിദ്യാലയങ്ങളിൽ നടക്കുന്ന ഔപചാരിക പഠനത്തിലൂടെയാണ്.

## ലക്ഷ്യങ്ങൾ

എല്ലാവർക്കും എഴുത്തും വായനയും, വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ, മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ, സാഹിത്യകാരന്മാരെ പരിചയപ്പെടൽ, ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ, കയ്യെഴുത്ത് മാസിക എന്നിവയിലൂടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക, ഭാഷയുമായി ബന്ധപ്പെട്ട ഐ.സി.ടി. സാധ്യതകൾ പരിചയപ്പെടുത്തുക, സർഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| 1. അക്ഷരജ്യോതി | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തൽ<br>മോഡ്യൂൾ തയ്യാറാക്കൽ സി.പി.ടി.എ.<br>ഉദ്ഘാടനം - പി.ടി.എ.<br>മൊഡ്യൂൾ - പദക്കാർഡ് വായന,<br>വാചക കാർഡ് വായന<br>അടിക്കുറിപ്പ് എഴുതൽ<br>കഥാവായന (ഐ.സി.ടി.)<br>കഥാപൂരണം („)<br>ലേഖം, ചുമർ പത്രിക രചന<br>മാഗസ്സിനിലേക്ക് (എന്റെ കഥ)<br>മാഗസ്സിൻ പ്രകാശനം,<br>സമ്മാന വിതരണം<br>ഐ.സി.ടി. പ്രയോജനപ്പെടുത്തൽ | സെപ്തംബർ - ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>മലയാളം ടീച്ചർ | സ്റ്റേഷനറി 2000/- | പി.ടി.എ. | എച്ച്.എം.<br>പി.ടി.എ. |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| 2. വായനാവസന്തം | കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക | വായനാദിനാചരണം<br>വായനാ വാരാചരണം<br>ദിനാചരണങ്ങൾ<br>ലൈബ്രറി വിതരണം<br>പത്രവായന | ജൂൺ | ക്ലാസ് ടീച്ചർ<br>മലയാളം ടീച്ചർ | 2000/- | പി.ടി.എ. | എച്ച്.എം.<br>സീനിയർ<br>അസിസ്റ്റന്റ് |
| സർഗോത്സവം | കുട്ടിയുടെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുക | എസ്.ആർ.ജി. മൊഡ്യൂൾ തയ്യാറാക്കൽ<br>വായനാക്കുറിപ്പ്, കവിതാലാപനം,<br>കവിതാ രചന, ചിത്രരചന, കഥാരചന<br>നാടക രചന, സിനിമാ പ്രദർശനം,<br>മാഗസിൻ നിർമ്മാണം. | ജനുവരി 15 | ക്ലാസ് ടീച്ചർ<br>മലയാളം ടീച്ചർ | | | |
| സ്കൂൾ സർഗോത്സവം | സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുക ആസ്വാദനശേഷി വളർത്തുക | ഉദ്ഘാടനം - പി.ടി.എ, സി.പി.ടി.എ<br>വിവിധ സ്റ്റാളുകൾ ഒരുക്കൽ<br>* സാഹിത്യ നാടകന്മാരുടെ ഫോട്ടോ പ്രദർശനം<br>* ചിത്ര രചനാ പ്രദർശനം<br>* പുസ്തക പ്രദർശനം<br>സ്റ്റേജ് മത്സരങ്ങൾ - കവിതാലാപനം,<br>കഥ പറയൽ, പാഠഭാഗങ്ങളുടെ<br>നാടകാവിഷ്ക്കാരം, നൃത്താവിഷ്ക്കാരം<br>മാഗസിൻ പ്രകാശനം<br>സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>മാഗസിൻ പ്രകാശനം | ഫെബ്രുവരി 15 | ക്ലാസ് ടീച്ചർ<br>മലയാളം ടീച്ചർ | 5000/- | എസ്.എസ്.എ. | എച്ച്.എം.<br>പി.ടി.എ.<br>എസ്.ആർ.ജി. |

# മേഖല : ഇംഗ്ലീഷ്

## ആമുഖം

ഇന്ന് നമ്മുടെ സമൂഹത്തിൽ ഇംഗ്ലീഷ് ഭാഷയോടുള്ള അമിത ആഭിമുഖ്യം വളർന്നുവരുന്നതായി കാണാം. മികവാർന്ന വിദ്യാഭ്യാസമെന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്ന ധാരണ സാധാരണക്കാർക്കിടയിൽ പോലും കടന്നുവന്നു. ഇതിനു പ്രധാന കാരണം തൊഴിൽരംഗം, കച്ചവടം, സാങ്കേതികവിദ്യ സ്വായത്തമാക്കാൻ, സോഷ്യൽമീഡിയ കൈകാര്യം ചെയ്യാൻ, ഉന്നത വിദ്യാഭ്യാസം നേടാൻ തുടങ്ങി എല്ലാ രംഗത്തും മികവു പുലർത്തണമെങ്കിൽ ഇംഗ്ലീഷ് ഭാഷ അറിഞ്ഞേ തീരൂ എന്നതാണ്. ഈ സാഹചര്യത്തിൽ പൊതുവിദ്യാലയത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികളിലും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും എഴുതുവാനുമുള്ള കഴിവ് വളർത്തിയെടുക്കണം. അക്കാദമിക് മാസ്റ്റർ പ്ലാനിലെ വിവിധ പ്രവർത്തനങ്ങളിലൂടെ ഈ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുകയാണ്.

## പൊതുലക്ഷ്യങ്ങൾ

- ഭാഷയുടെ അടിസ്ഥാനശേഷികൾ നേടുക.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കഴിയുക.
- ആത്മവിശ്വാസം വർദ്ധിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷയോട് താൽപര്യം ഉളവാക്കുക.
- ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനിഷ്ടപ്പെടുക.
- ഇംഗ്ലീഷിൽ സംസാരിക്കാൻ കഴിയുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| Hello English Day | ഇംഗ്ലീഷ് സംസാരിക്കാനുള്ള വിവിധ സന്ദർഭങ്ങൾ ഒരുക്കുക<br>ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കുക | ആഴ്ചയിൽ ഒരു ദിവസം (ബുധനാഴ്ച) അധ്യാപകരും വിദ്യാർത്ഥികളും ഇംഗ്ലീഷിൽ സംസാരിക്കുക<br>ഇംഗ്ലീഷ് അസംബ്ലിയിൽ - പ്രാർത്ഥന, പ്രതിജ്ഞ, വാർത്താവായന, ചിന്താ വിഷയം, അറിയിപ്പുകൾ എന്നിവ ഇംഗ്ലീഷ് മാത്രം പറയുക.<br>ഇംഗ്ലീഷ് ഡയറി എഴുതുക, ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുന്നു. | എല്ലാ ബുധനാഴ്ചയും | ഇംഗ്ലീഷ് ടീച്ചർ | | | HM<br>Sr. Asst. |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| Theatre Camp | ഇംഗ്ലീഷിൽ എഴുതാനും | ഒരു ടേമിൽ ഒരു ഏകദിന ക്യാമ്പ്<br>പറയാനും കഴിയുക. | ആഗസ്റ്റ്<br>സന്ദർഭങ്ങൾ പറയുക<br>സ്ക്രിപ്റ്റ് എഴുതുക, അവതരിപ്പിക്കുക | SRG Cr.<br>നവംബർ | 500 | School<br>ഫെബ്രുവരി | HM<br>Grant |
| One day English | ഇംഗ്ലീഷ്<br>സംസാരിക്കുവാനുള്ള<br>ആത്മവിശ്വാസം<br>വളർത്തുക | ക്ലാസ്സ്തല ഏകദിന ഇംഗ്ലീഷ് ഫെസ്റ്റ്-<br>മൊഡ്യൂൾ തയ്യാറാക്കൽ -<br>സംഭാഷണം<br>പദ്യംചൊല്ലൽ<br>വായന, എഴുത്ത്, പ്രസംഗം, സ്കിറ്റ്<br>അവതരണം<br>മികച്ചവ തെരഞ്ഞെടുത്ത് ഇംഗ്ലീഷ്<br>കാർണിവലിൽ അവതരിപ്പിക്കാം. | ജനുവരി | | | | |
| School English<br>Carnival - Class wise | ഇംഗ്ലീഷ് അന്തരീക്ഷം<br>സൃഷ്ടിക്കുക.<br>സമൂഹത്തെ<br>ആകർഷിക്കുക | എസ്.ആർ.ജി., മൊഡ്യൂൾ തയ്യാറാക്കൽ,<br>ഉദ്ഘാടന ചടങ്ങ് പി.ടി.എ, എം.പി.ടി.എ.<br>പരിപാടികൾ - ഇംഗ്ലീഷ് ഡേ ആയി<br>ആചരിക്കുക.<br>പാഠഭാഗങ്ങളുടെ നാടകാവിഷ്കാരം<br>പദ്യം ചൊല്ലൽ, പ്രസംഗം<br>എക്സിബിഷൻ<br>വിവിധ സന്ദർഭങ്ങൾ ഒരുക്കി<br>ഓരോന്നിനേയും അഭിസംബോധന ചെയ്ത്<br>കുട്ടികൾ സംസാരിക്കുന്നു.<br>ഉദാ : കുക്കറി ഷോ, ഔഷധ സസ്യം, സൂപ്പർ<br>മാർക്കറ്റ്, കളികൾ, കഥകൾ,<br>ആഘോഷങ്ങൾ, മറ്റു കാഴ്ചകൾ<br>സമ്മാനദാനം<br>മാഗസിൻ നിർമാണം | ഫെബ്രുവരി | Eng. Trs & All teachers | 5000 | PTA | HM |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| E-Cube E-Language | IT സാധ്യതകൾ ഇംഗ്ലീഷ് സബ്ജക്ട് | IT Lab ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുക | ജൂൺ മുതൽ ഫെബ്രുവരി | Eng. Tr & All Teachers | | | HM |
| Digital Dictionary | പദസമ്പത്ത് വർധിപ്പിക്കുക | ഡിക്ഷണറി നിർമ്മാണം പ്രകാശനം (അസംബ്ലി) | ജൂൺ - ഫെബ്രുവരി | | | | |
| Digital Class | കംമ്പ്യൂട്ടറുകൾ ഉപയോഗിച്ചുള്ള ഇംഗ്ലീഷ് പഠനം | കംമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഡിക്ഷണറി നിർമ്മിക്കുക | ഫെബ്രുവരി | English Teachers | | | |
| **ഹിന്ദി** | | | | | | | |
| ഹിന്ദി ക്ലബ്ബ് | ഹിന്ദി ഭാഷ ശേഷി വളർത്തുക | ഹിന്ദി ഭാഷയിൽ താൽപര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി ക്ലബ്ബ് രൂപീകരണം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങളും വിവിധ മത്സരങ്ങളും നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലബ്ബ് കൺവീനർ | | | എച്ച്.എം. |
| ഹിന്ദി കലാമേള | സർഗാത്മഗത വളർത്തുക | ദേശഭക്തി ഗാനം, പോസ്റ്റർ നിർമ്മാണം പ്രസംഗ മത്സരങ്ങൾ എന്നിവയ്ക്ക് കുട്ടികളെ സജ്ജരാക്കുക | ഒക്ടോബർ - നവംബർ | ഹിന്ദി അധ്യാപകർ | 1000/- | പി.ടി.എ. | എച്ച്.എം. |
| ഹിന്ദി വായന | U P തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്കുകൾ വായിക്കാൻ സാധിക്കണം | ഹിന്ദ്ര ഗ്രന്ഥശാല ഒരുക്കൽ വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ഫെബ്രുവരി | ഹിന്ദി ടീച്ചർ | 2000 | SSA | എച്ച്. എം |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| ഹിന്ദി എഴുത്ത് | ഹിന്ദി വാക്യങ്ങൾ എഴുതാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക | കോപ്പി ബുക്ക്<br>ചുമർ പത്രിക<br>രോശ്നി വർക്ക് ബുക്ക് | | | | | |
| ഹിന്ദി അസംബ്ലി | ഹിന്ദി ഭാഷയിൽ അവതരണം നടത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി നടത്തും | | | | | |
| സുരീലി ഹിന്ദി (രാഷ്ട്രഭാഷ) | രാഷ്ട്രഭാഷയായ ഹിന്ദിയിൽ പിന്നോക്കക്കാരായവരെ വായിക്കാനും എഴുതാനും പ്രാപ്തരാക്കുക | പ്രീടെസ്റ്റ്, പിന്നോക്കക്കാരെ കണ്ടെത്തൽ<br>പ്രവർത്തനാവിഷ്ക്കാരം<br>സി.പി.ടി.എ, അക്ഷരപ്പാട്ടുകൾ, പാടൽ പദകാർഡ്, വാക്യകാർഡ്, വായന, ലേഖനം, ചുമർ പത്രിക രചിക്കൽ കുറിപ്പ് തയ്യാറാക്കൽ, മാഗസിൻ തയ്യാറാക്കൽ, പ്രകാശനം അസംബ്ലിയിൽ ഐ.സി.ടി. പ്രയോജനപ്പെടുത്തുന്നു ഹിന്ദി പാട്ടുകൾ കേൾക്കുന്നു. | സെപ്തംബർ ഫെബ്രുവരി | ഹിന്ദി ടീച്ചർ | 2000 | SSA | എച്ച്. എം |
| ഹിന്ദി ഫെസ്റ്റ് | സർഗ്ഗാത്മക വളർത്തുക | പ്രവർത്തനങ്ങൾ - ഹിന്ദി പക്ഷാചരണം, വിവിധ മത്സരങ്ങൾ, കവിതാരചന, കഥാ രചന, കവിതാലപനം, പോസ്റ്റർ രചന, ദേശഭക്തി ഗാനാലാപനം, തുടങ്ങിയവ | സെപ്തം ബർ - ഒാക്ടോബർ | ഹിന്ദി ടീച്ചർ | 2000 | | |
| ഭാഷാ പ്രചാരണം | ഹിന്ദി ഭാഷയിൽ മികവ് തെളിയിക്കുക | കാലിഗ്രാഫി, കിസ്, വായന | സെപ്തം ബർ - | | 2000 | SSA | |

# ഉറുദു

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| സ്കൂളിൽ ഉറുദു ക്ലാസിൽ പൂർണമായ ഭാഷാന്തരീക്ഷം സജ്ജമാക്കുക | ഉറുദു അന്തരീക്ഷം സൃഷ്ടിക്കുക. കുട്ടികളെ ഉറുദുവിലേക്ക് ആകർഷിക്കുക | സ്മാർട്ട് ക്ലാസ് റൂം (ഓഡിയോ, വീഡിയോ) ടീച്ചർ, കുട്ടികൾ ഇന്ററാക്ഷൻ. എല്ലാ൦ ഭാഷാന്തരീക്ഷത്തിൽ സജജീകരിക്കുക | ജൂൺ - മാർച്ച് | | 1000 | ടീച്ചർ ഗ്രാന്റ് | പി.ടി.എ. |
| പഠനാനുകൂല ഗൃഹാന്തരീക്ഷം സജ്ജമാക്കുക | വീടുകളിൽ നിന്നും മറ്റും വിദ്യാർത്ഥികൾക്ക് ഭാഷാ പഠനത്തിനുള്ള അവസരങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക | വിവരശേഖരണം<br>വിലയിരുത്തൽ, രക്ഷിതാക്കളുമായി ആശയവിനിമയം<br>ബോധവൽക്കരണം, പിന്തുണ, പഠന സഹായം<br>ടേം കാലയളവിൽ ഗൃഹാന്തരീക്ഷം വിലയിരുത്തൽ ഇടപെടൽ | ജൂൺ 15 ജൂലൈ<br>ആഗസ്റ്റ്- ഫെബ്രുവരി | | 2000 | പി.ടി.എ. | എസ്.എസ്.എ. |
| പഠന താൽപര്യം പഠനാവേശം ലാംഗ്വേജ് ലാബ് | വിദ്യാർത്ഥികൾക്ക് ഉറുദു ഭാഷയിലുള്ള പഠന താൽപര്യം വർദ്ധിപ്പിക്കുക. | വ്യത്യസ്ത മത്സര പ്രവർത്തനങ്ങളിലൂടെ പഠനാവേശം വർദ്ധിപ്പിക്കുക.<br>ഓരോ ടേമിലും റിസോഴ്സ് പേഴ്സണിന്റെ സഹായത്തോടെ മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിക്കുക.<br>ഉറുദു ലാബ് സജ്ജീകരിക്കുക. | ജൂലൈ - ഒക്ടോബർ<br>ആഗസ്റ്റ് - മാർച്ച് | | 3000<br>10000 | പി.ടി.എ. | എസ്.എസ്.എ. |
| വിലയിരുത്തലും പരിസരബോധനവും | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഉറുദു ഭാഷയിൽ പ്രത്യേക പരിശീലനം | യൂണിറ്റ്, ടേം വിലയിരുത്തലിന് രക്ഷിതാക്കളുടെ സഹായവും ഇടപെടലും പരിഹാരബോധന പ്രവർത്തനങ്ങൾ | ആഗസ്റ്റ് ഒക്ടോബർ | | 1000 | പി.ടി.എ. | |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| പഠന പിന്നോക്കാവസ്ഥ പരിഹാരബോധനം | ഭാഷ ആനുകാലിക അറിവുകളുടെയും വിഷയങ്ങളുടെയും അപര്യാപ്തത പരിഹരിക്കൽ | വിവരശേഖരണം<br>വിലയിരുത്തൽ, രക്ഷിതാക്കളുായി ആശയ വിനിമയം<br>പരിഹാര ബോധന പ്രവർത്തനങ്ങൾ ആസൂത്രണം<br>മറ്റു സഹായം തേടൽ | ജൂൺ ജൂലൈ | | 2000 | ടീച്ചർ ഗ്രാന്റ് | പി.ടി.എ. |
| ഭാഷ ആനുകാലിക അറിവുകളുടെ അപര്യാപ്തത | ഉറുദു ഗസലുകളിലും മറ്റു സാഹിത്യ രൂപങ്ങളിലും ഉള്ള സർഗാത്മകത | പ്രസിദ്ധീകരണങ്ങൾ, മാഗസിൻ ഉറുദു വായനാമൂലയൊരുക്കൽ | ജൂൺ - മാർച്ച് | | 3000 | പി.ടി.എ | എസ്.എസ്.എ. സ്റ്റാഫ് |
| സർഗാത്മകത പ്രകടനം, ഉറുദു ഭാഷ യിലുള്ള പ്രകടനം | ഉറുദു ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികളിൽ | ഉറുദു ക്ലബ്ബ് രൂപീകരണം<br>ഉറുദു കൂട്ടായ്മ, സ്കൂൾ കലോത്സവവുമായി പഠന പ്രവർത്തനങ്ങളെ ബന്ധിപ്പിക്കൽ | ജൂൺ ആഗസ്റ്റ് ഒക്ടോബർ | | 2000 | പി.ടി.എ. | എസ്.എസ്.എ. |
| ഉറുദു ക്ലബ്ബ് | പങ്കെടുത്ത് മികച്ച പ്രവർത്തനങ്ങൾകാഴ്ച വെച്ച കുട്ടികളെ അനുമോദിക്കൽ | പുറമെ നിന്നുള്ള റിസോഴ്സ് പേഴ്സണിന്റെ സഹായത്തോടെ ഉറുദു ശിൽപശാല<br>ഉറുദു മാസിൻ, ദിനാചരണം (ഉറുദു ദിനം) | നവംബർ | | 500 | സി.പി.ടി.എ. | |
| പരിഗണന പ്രോത്സാഹനം | ഉറുദു ഭാഷയിലും മറ്റു വിദ്യാർത്ഥികൾക്ക് സാംസ്കാരിക മേഖലയിൽ അവബോധം നൽകുക. | കുട്ടികളുടെ കഴിവുകളെ അംഗീകരിച്ചും പ്രോത്സാഹിപ്പിച്ചും സമ്മാന പദ്ധതി | മാർച്ച് | | 2000 | സ്റ്റാഫ് | |
| സംസ്കാരവും പെരുമാറ്റ രൂപീകരണവും | | ഭാഷാചാരന്യാരെ പരിചയപ്പെടുത്തുകയും അവരുടെ ആശയവിനിമയം പെരുമാറ്റം എന്നിവ ഉൾക്കൊള്ളാൻ സജ്ജരാക്കുക.<br>ശിൽപശാല സംഘടിപ്പിക്കുക. | ഫെബ്രുവരി മാർച്ച് | | 1000 | സ്റ്റാഫ് | |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| ഡിജിറ്റൽ മാഗസിൻ (ഉറുദു മാസിക) | സർഗാത്മകത ഉറുദു ഭാഷയിൽ തയ്യാറാക്കുന്നു, കുട്ടികളുടെ | എല്ലാവർക്കും ഉറുദു ടൈപ്പിംഗ് പരിശീലനം പ്രവർത്തനങ്ങളുടെ ഡിജിറ്റൽ പ്രിന്റ് മികവുകൾ ശേഖരിക്കുന്നു, മാഗസിൻ - അസംബ്ലിയിൽ വച്ച് പ്രകാശനം | ജനുവരി - ഫെബ്രുവരി | ഉറുദു ടീച്ചർ | 1000/- | SSA | HM SRG Cr, |
| ഗസൽ ദിനങ്ങൾ<br>ടാലൻ ടെസ്റ്റ് (ഉറുദു) | ഉറുദുവിൽ താൽപര്യം ഉളവാക്കുക<br>ഉറുദ ഭാഷയിൽ മികവ് തെളയിക്കൽ | ഉറുദു കവിത, ഗസൽ ആലാപനം ഐ.സി.ടി. പ്രയോജനപ്പെടുത്തുന്നു<br>ലോക ഉറുദു ദിനം, ഇഖ്ബാൽ ടാലന്റ് ടെസ്റ്റ് എന്നിവ നടത്തുന്നു.<br>കവിതാലാപനം, പദനിർമ്മാണം, കഥപറയൽ, ക്വിസ്സ്, ഗദ്യവായന, വേർഡ് ഹഡിംഗ് | മാർച്ച്<br>നവംബർ ഡിസംബർ | ഉറുദു ടീച്ചർ<br>ഉറുദു ടീച്ചർ | 5000<br>5000 | എസ് എസ് എ<br>എസ്.എസ്.എ. | എച്ച്.എം. |
| ഉറുദു ഫെസ്റ്റ് | ഉറുദു ഭാഷയിൽ ആത്മവിശ്വാസം ഉണ്ടാക്കുക. | ഉറുദു കലാപരിപാടികൾ | മറ്റു മേളകൾക്കൊപ്പം | ഉറുദു ടീച്ചർ | | | |
| **അറബി** | | | | | | | |
| പരിസ്ഥിതി ദിനം يوم البيئة ജൂൺ 5 | ഭാഷാ ശേഷി വളർത്തൽ പരിസ്ഥിതി അവബോധം | 1. പോസ്റ്റർ നിർമാണം<br>2. ചെടികളുടേയും മരങ്ങളുടേയും അറബി നാമങ്ങൾ എഴുതി പ്രദർശിപ്പിക്കൽ | 1 മാസം | അറബി ക്ലബ്ബ് | | | |
| يوم القراءة വായനാദിനം ജൂൺ 19 | വായനാ ശേഷി വർദ്ധിപ്പിക്കുക.<br>ഭാഷാ ശേഷി വർദ്ധിപ്പിക്കുക വായനാ കുറിപ്പ് തയ്യാറാക്കൽ | വായനാ മത്സരം<br>പോസ്റ്റർ നിർമാണം | 1 മാസം | അറബി ക്ലബ്ബ് | | | |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| يوم الاستقلال<br>സ്വാതന്ത്ര്യദിനം<br>ഒഗസ്റ്റ് 15 | സ്വാതന്ത്ര്യ സമര നേതാക്കന്മാരെ പരിചയപ്പെടൽ<br>ഭാഷാ ശേഷി വർദ്ധിപ്പിക്കൽ | 1. പതാക നിർമാണം<br>2. നിറം കൊടുക്കൽ<br>3. നേതാക്കന്മാരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ<br>ദേശഭക്തിഗാന മത്സരം | 1 മാസം | അറബി ക്ലബ്ബ് | | | |
| يوم المدرسين<br>സെപ്തംബർ 5 | ഭാഷാ ശേഷി വർദ്ധിപ്പിക്കൽ | 1. ക്വിസ് (അൽ മാഹിർ)<br>2. അലിഫ് ടാലന്റ് ടെസ്റ്റ് | | അറബി ക്ലബ്ബ് | | | |
| അന്താരാഷ്ട്ര അറബി ദിനം<br>ഡിസംബർ 18<br>അറബി | ഭാഷാ ശേഷി വർദ്ധിപ്പിക്കൽ<br>പിന്നോക്കാവസ്ഥ പരിഹരിക്കുക | 1. ക്വിസ് മത്സരം<br>2. പോസ്റ്റർ നിർമാണം<br>അക്ഷര കാർഡ്, പദക്കാർഡ്, ലൈബ്രറി വിതരണം<br>ഐ.സി.ഡി. ചിത്രങ്ങൾ കാണിച്ച് വാക്യ നിർമ്മാണം | ആഗസ്റ്റ് - ഫെബ്രുവരി | അറബി ടീച്ചർ | 500/ | എസ്.എസ്.എ. | എച്ച്.എം. |
| ഭാഷാ പ്രചാരണം | അറബി ഭാഷയിൽ താൽപര്യമുളവാക്കുക. | വിവിധ പരിപാടികളോടെ അറബിക് ദിനാചരണം<br>ആശംസാ കാർഡ് തയ്യാറാക്കൽ<br>അറബി ടൈപ്പിംഗ്<br>കാലിഗ്രാഫി | ജൂൺ- മാർച്ച് | അറബി ടീച്ചർ | | | |
| അറബിക് ഫെസ്റ്റ് | സർഗാത്മകതയെ പ്രോത്സാഹിപ്പിക്കുക | വിവിധ മത്സരങ്ങൾ - ക്വിസ്, പദനിർമാണം കഥപറയൽ, കവിതാലാപനം, പദപ്പയറ്റ് ഗദ്യവായന, മെമ്മറി ടെസ്റ്റ്, മാഗസിൻ തയ്യാറാക്കൽ, പ്രകാശനം അസംബ്ലിയിൽ | ഫെബ്രുവരി | അറബി ടീച്ചർ | 2000/- | പി.ടി.എ. | എച്ച്.എം.<br>എസ്.ആർ.ജി. |
| ജനുവരി | ഭാഷാ ശേഷി വർദ്ധിപ്പിക്കൽ | അൽ മാഹിർ ടാലന്റ് ടെസ്റ്റ് | | | | | |

# മേഖല : ഗോത്ര വിദ്യ

## ആമുഖം

ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിന് നാം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, സാമൂഹികവും, സാമ്പത്തികവും, സാംസ്കാരികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ അപൂർണമായ സ്കൂൾ പ്രവേശനവും കൊഴിഞ്ഞുപോക്കുമാണ്. ഇത്തരം പ്രശ്നങ്ങൾ മറികടക്കുന്നതിനായി കൃത്യവും ചടുലവുമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ മുഖ്യധാരയിലേക്കെത്തിക്കാനുള്ള ഉത്തമ ഉപാധി ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണെന്ന് പ്രസ്തുത ജനവിഭാഗത്തെ ബോധ്യപ്പെടുത്തുക.
- സാർവ്വത്രികവും സൗജന്യവുമായി വിദ്യാഭ്യാസം എന്ന ഭരണകൂടം വിഭാവനം ചെയ്യുന്ന ലക്ഷ്യം നേടിയെടുക്കുക.
- മുഖ്യധാരയുമായുള്ള നിരന്തര സമ്പർക്കത്തിനുള്ള അവസരമൊരുക്കുകയും അതുവഴി അവരിലെ അപകർഷതാബോധം തുടച്ചു നീക്കുക.
- വിദ്യാർത്ഥികളിൽ അന്തർലീനമായിട്ടുള്ള അഭിരുചികളേയും സർഗാത്മക വാസനകളേയും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.
- അക്കാദമിക പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും പ്രാഥമിക ശേഷികൾ നേടുവാനുമുള്ള താൽപര്യം വർദ്ധിപ്പിക്കുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| നേരറിയാം (ഗൃഹസന്ദർശനം) | സ്കൂൾ പ്രവേശനം | ഊര് സന്ദർശനം, പഠനോപകരണ വിതരണം | മെയ് | ടീച്ചേഴ്സ് | 10000/- | വിവിധ സംഘടനകൾ | എച്ച്.എം. പി.ടി.എ. |
| തുടിതാളം (ഗോത്ര ക്ലബ്ബ്) | ഗോത്ര വർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനം | ബോധവൽക്കരണ ക്ലാസ് കലാപരിപാടികൾ ദിനാചരണ പ്രവർത്തനങ്ങൾ മറ്റു പ്രവർത്തനങ്ങളിൽ പങ്കാളിത്തം | ജൂൺ എല്ലാ മാസവും ജൂൺ മാർച്ച് | നോഡൽ ടീച്ചർ മെന്റർ ടീച്ചർ എസ്.ആർ.ജി. ടീച്ചേഴ്സ് | 5000/- | എസ്.എസ്.എ. | എച്ച്.എം. |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| ഗോത്രകേളി (ഗോത്രഫെസ്റ്റ്) | വ്യക്തിത്വ വികസനം, ആത്മവിശ്വാസം വളർത്തൽ | വിദ്യാർത്ഥികളുടേയും അവരുടെ രക്ഷിതാക്കളുടേയും കലാപരപാടികൾ- സ്റ്റേജ് അവതരണം | സെപ്തംബർ | മെന്റർടീച്ചർ ടീച്ചേഴ്സ് | 2000/- | എസ്.എസ്.എ. പഞ്ചായത്ത് | സീനിയർ അസിസ്റ്റന്റ് എസ്.ആർ.ജി. |
| കുതിപ്പ് (കായികമേള) | വ്യക്തിത്വ വികസനം ആത്മവിശ്വാസം വളർത്തൽ | ഉപജില്ലാ-ജില്ലാ തലത്തിലേക്ക് തയ്യാറെടുപ്പിക്കൽ (കലാ-കായിക) | | | | | |
| ഊരുകൂട്ടം (പ്രാദേശിക പി.ടി.എ) | ബോധവൽക്കരണം | ഊരുകൾ കേന്ദ്രീകരിച്ച് യോഗം ചേരൽ, കമ്മിറ്റി രൂപീകരണം, പഠനോപകരണ വിതരണം, വസ്ത്രശേഖരണം, വസ്ത്ര വിതരണം | ജൂൺ-മാർച്ച് ഓരോ മാസവും | മെന്റർ ടീച്ചർ ടീച്ചേഴ്സ് | 3000/- | പഞ്ചായത്ത് | സീനിയർ അസിസ്റ്റന്റ് എസ്.ആർ.ജി. |
| ഗോത്ര മാസിക | ആത്മവിശ്വാസം വളർത്തുക | കുട്ടികളുടെ സൃഷ്ടികൾ (ചിത്രങ്ങൾ, പാട്ടുകൾ, കഥകൾ....) | ജനുവരി | മെന്റർ ടീച്ചർ ടീച്ചേഴ്സ് | | | |

# മേഖല : വായിക്കാം വളരാം

## ആമുഖം

മാനുഷിക മൂല്യങ്ങളുടെപരിപോഷണത്തിന് അനുപേക്ഷണീയമായ ഒരു ഘടകമാണ് സർഗാത്മകത. അതുപോലെ തന്നെ പ്രധാനമാണ് ബൗദ്ധിക വളർയ്ക്കുതകുന്ന വൈജ്ഞാനിക അടിത്തറയും പരന്ന വായനയിലൂടെ മാത്രമേ ഇത് നേടിയെടുക്കാനാകൂ. ക്ലാസ് ലൈബ്രറിയും സ്കൂൾ ലൈബ്രറിയും ആകർഷകവും സമൃദ്ധവുമാക്കി, കുട്ടികളേയും രക്ഷിതാക്കളേയും അതിലൂടെ പൊതു സമൂഹത്തെ തന്നെയും സംസ്കാര ചിത്തരാക്കാൻ വിദ്യാലയത്തിന് സാധിക്കണം.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| സ്കൂൾ ലൈബ്രറി | സ്വതന്ത്ര വായനയ്ക്കും അധിക വായനക്കുള്ള അവസരം സൃഷ്ടിക്കുക | ലൈബ്രറി നവീകരണം<br>- കൂടുതൽ അലമാരകൾ സ്വരൂപിക്കൽ, കൂടുതൽ പുസ്തകങ്ങൾ, ശേഖരണം<br>- പുസ്തകങ്ങൾ മേഖല തിരിച്ച് വെക്കൽ<br>- വിതരണം | മെയ് ജൂൺ | ലൈബ്രറി ചാർജ് ടീച്ചർ | അലമാര 20000 | പൂർവ്വ വിദ്യാർത്ഥി സംഘടന എസ്.എസ്.എ. | പി.ടി.എ. എസ്.എസ്.എ. |
| ക്ലാസ് ലൈബ്രറി | സ്വതന്ത്ര വായനയ്ക്കുള്ള അവസരം സൃഷ്ടിക്കുക. പുസ്തകങ്ങളെ സ്നേഹിക്കുക | റാക്ക് സ്ഥാപിക്കുക, സി.പി.ടി.എ വിളിക്കുക വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിവിധ സംഘടനകൾ എന്നിവരിൽ നിന്നും പുസ്തകം ശേഖരിക്കൽ, പിറന്നാളിനൊരു പുസ്തകം, ലൈബ്രേറിയനെ നിയമിക്കുക, രജിസ്റ്റർ സൂക്ഷിക്കുക<br>ഉദ്ഘാടനം : സി.പി.ടി.എ.<br>അമ്മവായന : അമ്മ വായിച്ച കഥ കുട്ടി കേൾക്കുക<br>ക്ലാസ്സിൽ അവതരണം<br>പുസ്തക പരിചയം | ജൂൺ - ഡിസംബർ<br><br>അസംബ്ലി | ക്ലാസ് ടീച്ചർ ലൈബ്രറി ചാർജ് ടീച്ചർ | 110000/- | പൂർവ്വ വിദ്യാർത്ഥി സംഘടന എസ്.എസ്.എ. | സി.പി.ടി.എ. എച്ച്.എം. ലൈബ്രറി ടീച്ചർ |

# മേഖല : ഹൈടെക് സ്കൂൾ

## ആമുഖം

ശാസ്ത്ര സാങ്കേതിക വിദ്യ ഇന്ന് അനുദിനം വളർന്നുകൊണ്ടിരിക്കുകയാണല്ലോ. അതിനനുസരിച്ച് പുതുതലമുറയെ മാറ്റിയെടുക്കുന്നതിനുള്ള ഗുണമേന്മാ വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്കും ലഭിക്കേണ്ടതുണ്ട്. ബോധന പ്രക്രിയയിലൂടെ ഐ.സി.ടി. ഏറ്റവും അനുയോജ്യമായി ഉപയോഗിക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. നൂതന സാങ്കേതിക വിദ്യകളിലൂടെ പഠനം എളുപ്പമാക്കാനും, സമഗ്രമായ പഠനത്തിനും സഹായകമായ ഡിജിറ്റൽ ക്ലാസ് മുറി എന്ന സങ്കൽപം സാക്ഷാത്കരിക്കേണ്ടതുണ്ട്. ഇതിനായി വിദ്യാലയം ഹൈ-ടെക് ആകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

## ലക്ഷ്യങ്ങൾ

- വിവരസാങ്കേതികവിദ്യയുടെ പ്രാഥമിക നൈപുണികൾ കുട്ടികൾക്ക് ലഭ്യമാക്കുക.
- കരിക്കുലം ഫലപ്രദമായി വിനിമയം ചെയ്യുക.
- പഠനം എളുപ്പവും ആസ്വാദ്യകരവുമാക്കുക.
- പഠന പ്രക്രിയകളിലും മൂല്യനിർണയത്തിനും സ്കൂൾ ദൈനംദിന പ്രവർത്തനങ്ങളിലും ഐ.സി.ടി. സാധ്യമാക്കുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| SmartClass Room | പഠനം എളുപ്പവും ആസ്വാദ്യകരമാവുമാക്കുക | റൂം കണ്ടെത്തുക<br>ലാപ്ടോപ്പ്, പ്രൊജക്ടർ, ഡിജിറ്റൽ ബോർഡ്, മററു സജ്ജീകരണങ്ങൾ എന്നിവ കണ്ടെത്തി<br>ഐ.ടി. ലാബ് സജ്ജീകരിക്കുക | ജൂൺ-ജൂലൈ | ഐ.ടി. ചാർജ് ടീച്ചർ സീനിയർ അസിസ്റ്റന്റ്, എച്ച്.എം. | ലാപ്പ് 30000<br>പ്രൊജ.25000<br>5000<br>ആകെ 60000 | പഞ്ചായത്ത് | പി.ടി.എ. എച്ച്.എം. |
| SmartClass Room | ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക | എല്ലാ ക്ലാസ്സിലും ലാപ്ടോപ്, പ്രൊജക്ടർ, ഡിജിറ്റൽ ബോർഡ് എന്നിവ സ്ഥാപിക്കുക<br>ഇലക്ട്രിസിറ്റി, ഇന്റർനെറ്റ് സൗകര്യം എന്നിവ ലഭ്യമാക്കുക | 3 വർഷം | ഐ.ടി. ചാർജ് ടീച്ചർ എച്ച്.എം. | 1500000 | എം.പി, എം.എൽ.എ. ഫണ്ട് | പി.ടി.എ. എച്ച്.എം. സീനിയർ അസിസ്റ്റന്റ് |
| ഐ.ടി. ലാബ് | ഗുണമേന്മയുള്ള വിദ്യാഭ്യാസം | റൂം കണ്ടെത്തുക<br>20 കമ്പ്യൂട്ടർ | 2 വർഷം | ഐ.ടി. ചാർജ് | 465000 | എം.പി. | പി.ടി.എ. |

# മേഖല : അടിസ്ഥാന ശാസ്ത്രം

## ആമുഖം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെ തുകയാണ് ശാസ്ത്രം. യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും, പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും, സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതാണ് ശാസ്ത്രീയ പഠന രീതി. ഇത് സമൂഹത്തിലെ അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു. കുട്ടികളുടെ പഠനമുന്നേറ്റത്തിന് തുല്യമായ അവസരം ഒരുക്കിക്കൊണ്ട് അറിവിനെ നിർമ്മിക്കുന്ന പ്രക്രിയയാണ് ക്ലാസ് മുറികളിൽനടക്കേണ്ടത് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വിവര സാങ്കേതിക വിദ്യയും, പ്രാദേശിക ചുറ്റുപാടും പ്രയോജനപ്പെടുത്തിക്കൊണ്ടും ഭിന്ന നിലവാരക്കാരേയും മുന്നിൽ കണ്ടുകൊണ്ട് ഒരു സമഗ്രാസൂത്രണം നടത്തേണ്ടതുണ്ട്.

## പൊതുലക്ഷ്യങ്ങൾ

- കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- നിരന്തരമായി അന്വേഷണം നടത്തി ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിലെത്താൻ കഴിയുക.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുക.
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
- ശാസ്ത്രത്തിനും സാമൂഹ്യനന്മയ്ക്കും വേണ്ടിസമർപ്പിച്ചവരോട് ആദരവ് പുലർത്തുക.
- ഐ.സി.ടി. സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.

| | | | | | | | |
|---|---|---|---|---|---|---|---|
| ശാസ്ത്ര കൂട്ടായ്മ | ശാസ്ത്ര കൗതുകം | സയൻസ് ക്ലബ്ബ് രൂപീകരണം | ജൂൺ | സയൻസ് | - | - | എച്ച്.എം. |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | വളർത്തൽ | ഗ്രൂപ്പിംഗ് (വിവരശേഖരണം, പരീക്ഷണം) ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ, കണ്ടുപിടുത്തങ്ങൾ, ചോദ്യോത്തരങ്ങൾ, പ്രൊജക്ട്) വിവിധ പ്രവർത്തനങ്ങളുടെ അവതരണം പ്രൊജക്ടുകൾ ചെയ്യൽ | മാസത്തി ലൊരിക്കൽ | ടീച്ചർ | | | |
| ദിനാചരണങ്ങൾ | മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തൽ ശാസ്ത്ര നേട്ടങ്ങളിൽ അഭിമാനിക്കുക ശാസ്ത്രജ്ഞരോട് ആദരവ് പുലർത്തുക | പരിസ്ഥിതി ദിനം, ലോകമയക്കുമരുന്നുദിനം, ചാന്ദ്രദിനം, കർഷകദിനം, ഓസോൺ ദിനം, പക്ഷിനിരീക്ഷണദിനം, ഊർജ്ജസംരക്ഷണ ദിനം, ശാസ്ത്ര ദിനം, ബോധവൽക്കരണ ക്ലാസ്സുകൾ, വീഡിയോ പ്രസന്റേഷൻ, ക്വിസ്സ്, അഭിമുഖം, പോസ്റ്റർ നിർമാണം, ഫീൽഡ് ട്രിപ്പ്, ശേഖരണം ഫോട്ടോ പ്രദർശനം, വാനനിരീക്ഷണം | ജൂൺ മാസത്തി ലൊരിക്കൽ | സയൻസ് ടീച്ചർ എസ്.ആർ.ജി. | 5000/- | പി.ടി.എ. | പി.ടി.എ. എസ്.എസ്.എ. |
| ശാസ്ത്ര കൗതുകം | ശാസ്ത്ര പഠനം പ്രായോഗികതലത്തിൽ എത്തിക്കൽ | സ്കൂൾ ശാസ്ത്രമേള, ശാസ്ത്രോത്സവം, ഊർജ്ജോത്സവം | ഒക്ടോബർ നവംബർ | ടീച്ചർ | 5000/- | എസ്.എസ്.എ. | പി.ടി.എ. എസ്.എസ്.എ. |
| ശാസ്ത്ര വിജ്ഞാനം ലാബ് സജ്ജീകരണം | പരീക്ഷണങ്ങൾ ചെയ്യുക ഉപകരണങ്ങൾ കൈകാര്യം ചെയ്യാനറിയുക | ലാബ് നവീകരണം പാഠഭാഗങ്ങളിലും അല്ലാത്തതുമായ പരീക്ഷണങ്ങൾ ചെയ്യുക. പ്രദർശിപ്പിക്കുന്നു | ജൂൺ ജൂൺ - മാർച്ച് മാസത്തി ലൊരിക്കൽ | സയൻസ് ടീച്ചർ | 5000/- | പി.ടി.എ. | പി.ടി.എ. സീനിയർ ടീച്ചർ |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | ശാസ്ത്രീയ രീതി സ്വായത്തമാക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യൽ, മെച്ചപ്പെടലിനു വേണ്ടി പരിശ്രമിക്കൽ | റഫറൻസ് ഗ്രന്ഥങ്ങൾ ശേഖരിക്കുക ലാബിൽ സജ്ജീകരിക്കുക ഉപയോഗിക്കുക. | ജൂൺ - മാർച്ച് | സയൻസ് ടീച്ചർ | 5000/- | പി.ടി.എ. പൂർവ്വ വിദ്യാർത്ഥി സംഘടന | എച്ച്.എം. പി.ടി.എ. എസ്.ആർ.ജി. |
| | അന്വേഷണ ബുദ്ധി വളർത്തുക | ശാസ്ത്രപെട്ടി വെക്കുന്നു. ആഴ്ചതോറും ചോദ്യങ്ങൾ പെട്ടിയിൽ നിക്ഷേപിക്കുന്നു. ശരിയുത്തരത്തിന് സമ്മാനം കൊടുക്കുന്നു. | ഓരോ ആഴ്ചയും | സയൻസ് ടീച്ചർ | 500/- | എസ്.എസ്.എ. | |
| ശാസ്ത്ര മാഗസിൻ നിർമാണം | അറിവുകൾ ശേഖരിക്കുക | മാസഗിനിലേക്ക് ആവശ്യമായ ശേഖരിക്കുക പ്രകാശനം (അസംബ്ലിയിൽ) | ജൂൺ - മാർച്ച് മാർച്ച് | സയൻസ് ടീച്ചർ | 5000/- | എസ്.എസ്.എ. | |
| വിസ്മയ ചുമർ | ശാസ്ത്ര വിസ്മയങ്ങൾ അറിയുക | സയൻസ് - ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ശാസ്ത്ര കൗതുകങ്ങൾ പ്രദർശിപ്പിക്കുന്നു. | ജൂൺ - മാർച്ച് | സയൻസ് ടീച്ചർ | | കൃഷി വകുപ്പ് | എച്ച്.എം. |
| സർവ്വെ ഫീൽഡ് ട്രിപ്പ് | കുട്ടികളിൽ ശാസ്ത്രാഭിരുചി മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും ജീവിത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് | നെൽപ്പാട സന്ദർശനം നടത്തുന്നു കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്വാമിനാഥ ഫൗണ്ടേഷൻ പുത്തൂർവയൽ സന്ദർശനം | സെപ്തംബർ നവംബർ | സയൻസ് ക്ലബ്ബ് അംഗങ്ങൾ | | | |

# മേഖല : ഗണിതം

## ആമുഖം

നമ്മുടെ നിത്യജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് ഗണിതം. ഗണിത ശാസ്ത്രത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താത്ത ഒരു ദിവസം പോലും കടന്നുപോകുന്നില്ല. കുരുന്നു മനസ്സുകൾക്ക് ഗണിത പഠനം രസകരമാക്കുക എന്ന ഉദ്ദേശ്യത്തോടൊപ്പം ഗണിതത്തിൽ ആവശ്യം വേണ്ട അറിവുകളും ശേഷികളും എല്ലാ വിദ്യാർത്ഥികളിലും എത്തിക്കാനുള്ള ഒരു ഉദ്യമം കൂടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത ശാസ്ത്ര പഠനം ജീവിതത്തിന്റെ എല്ലാ മേഖലകളേയും വളരെയേറെ സ്വാധീനിക്കുന്നുണ്ട്. മറ്റേതു വിഷയങ്ങളുടെ പഠനത്തിനായാലും ഗണിത ശാസ്ത്രം അവിഭാജ്യ ഘടകമായി മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ എല്ലാ നിലവാരത്തിലുള്ള കുട്ടികൾക്കും ഈ മേഖലയിൽ താൽപര്യം ഉണ്ടാക്കുന്ന വിധത്തിലുള്ള ഗണിത കേളികളും, കുസൃതിക്കണക്കുകളും, ഗണിത ക്വിസും, ഒക്കെ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗ്പെടുത്തുന്നതിന് സഹായകമാകണം.
- മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടുന്നതിന് സഹായകരമാകണം.
- കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകണം.
- പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടിക്ക് കഴിവു നൽകുന്നാതവണം.
- ഗവേഷണ പ്രവർത്തനങ്ങൾക്ക് താൽപര്യമുണ്ടാക്കാൻ കുട്ടിയെ സഹായിക്കുന്നതാകണം.
- വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവുണ്ടാകണം.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്താൻ കഴിയുന്നതാകണം.
- കൃത്യതയോടും, സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകണം.
- അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും കഴിയണം.
- സർഗാത്മക ചിന്ത വളർത്താൻ സഹായകരമാകണം.
- ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയണം.
- വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടുന്നതാകണം.
- ഗണിത പഠനത്തിൽ ഐ.സി.ടി. സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നതകണം.
- ഗണിതത്തിൽ മെന്റൽ മാത്സ് പ്രയോജനപ്പെടുത്താൻ കഴിയുന്നതാകണം.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| ഗണിത കേളി | ഗണിതം ആസ്വദിക്കാൻ കഴിയുന്ന | അക്കങ്ങളുപയോഗിച്ചുള്ള ഗണിത കേളികൾ | ജൂൺ | ഗണിതാധ്യാപിക | 1000/- | പി.ടി.എ. | എച്ച്.എം. |
| | തലത്തിലേകക് കുട്ടിയെ വളർത്തുക<br>ഗണിത പഠനം സുഗമമാക്കുക | ഗണിത ചരിത്രത്തിലൂടെയുള്ള യാത്ര<br>ജ്യാമിതിയുടെ സൗന്ദര്യം (ടാൻഗ്രാം)<br>അക്കങ്ങളുടെ പ്രത്യേകതകൾ (പാറ്റേൺ)<br>ഗണിത മാഗസിൻ നിർമാണം | ജൂലൈ<br>ആഗസ്റ്റ്<br>ഒക്ടോബർ<br>നവംബർ | ഗണിതാധ്യാപിക<br>"<br>"<br>" | | | |
| ഓറിഗാമി ശിൽപശാല | രസകരമായ ഗണിത പഠനം, കരചലനശേഷിയുടെ വികാസം | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ വിവിധ രൂപങ്ങളുടെ നിർമാണത്തിനുള്ള പരിശീലനം കൊടുക്കുന്നു.<br>പ്രദർശനം നടത്തുന്നു. | ജനുവരി | എസ്.ആർ.ജി. | 500/- | പി.ടി.എ. | |
| ഗണിതലാബ് | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജീകരണം, ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ചുവെക്കൽ, പഠനോപകരണം, ഉൽപന്നങ്ങൾ എന്നിവ ശേഖരിച്ചുവെക്കൽ | ജൂൺ | ഗണിതാധ്യാപിക | 2000/- | പി.ടി.എ. | എച്ച്.എം. |
| ജിയോജിബ്ര പരിശീലനം | ജ്യാമിതി രസകരമാക്കൽ<br>കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം | കുട്ടികൾക്ക് നിലവിലുള്ള കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് ജിയോജിബ്ര പരിശീലനം നൽകൽ | മാർച്ച് | | | | എച്ച്.എം. |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്താനും കഴിയുന്നില്ല ഗണിത പഠനം വിരസമാകുന്നു. | ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്താനും അവസരം സൃഷ്ടിക്കുക<br>കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക. | ഗണിത മാഗസിൻ നിർമ്മാണം<br>ചുമർ പത്രികകള് സ്കൂൾതലം<br>ഗണിത ശാസ്ത്രമേള<br>ചോദ്യോത്തര പെട്ടി | ജൂൺ - ജനുവരി | ഗണിത അധ്യാപകൻ | 1000 | പി.ടി.എ. | എച്ച്.എം. |

# മേഖല : സാമൂഹ്യ ശാസ്ത്രം

## ആമുഖം

ഒരു സാമൂഹ്യജീവി എന്ന നിലയിൽ സാമൂഹിക ജീവിം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടികകുവാനും സർവ്വോപരി സാമൂഹ്യ പ്രതിബദ്ധതയും, ജനാധിപത്യബോധവും മതേതര സ്വഭാവവും വളർത്തിയെടുക്കുവാനും നമുക്ക് സാധിക്കേണ്ടതുണ്ട്. മാനവിക മൂല്യങ്ങളെ കുറിച്ച് അവബോധമുള്ള ഒരു പുത്തൻ തലമുറ സൃഷ്ടിക്കായി സാമൂഹ്യ ശാസ്ത്ര ക്ലാസ്സുകൾ ഉപയുക്തമാകണമെന്ന് തിരിച്ചറിയുന്നു. വിയോജിക്കുന്നവരെ പോലും സഹിഷ്ണുതയോടെ നോക്കിക്കാണുക എന്ന പാഠ്യപദ്ധതിയുടെ മഹത്തായ ലക്ഷ്യം സാമൂഹ്യശാസ്ത്ര ക്ലാസ്സുകളിലൂടെ പൂവണിയേണ്ടതുണ്ട്. നമ്മുടെ സാംസ്കാരിക പൈതൃകത്തോടും ചരിത്രത്തോടും ആദരവും, പൗരന്മാരെന്ന നിലയ്ക്ക് തങ്ങളിലർപ്പിതമാകുന്ന ഉത്തരവാദിത്തത്തെ കുറിച്ച് തിരിച്ചറിവും നമ്മുടെ വിദ്യാർത്ഥികൾക്കുണ്ടാവേണ്ടതുണ്ട്. ഈ ലക്ഷ്യപ്രാപ്തിക്കായി കുട്ടികളെപാകപ്പെടുത്തുന്ന പ്രവർത്തനങ്ങൾ രൂപപ്പെടേണ്ടതുണ്ടെന്ന ബോധ്യത്തിൽ നിന്നാണ് ഈ പദ്ധതി പിറവിയെടുക്കേണ്ടത്.

## ലക്ഷ്യങ്ങൾ

- പഠിതാവിൽ മാനവിക മൂല്യങ്ങളെ കുറിച്ചും ഭരണ ഘടനാ മൂല്യങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.
- സാമൂഹിക ജീവിതം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടിക്കുക.
- ജനാധിപത്യബോധം വളർത്തുക.
- ജനാധിപത്യബോധവും മതേതരത്വ മനോഭാവവും സൃഷ്ടിക്കുക.
- സാംസ്കാരിക പൈതൃകത്തോടും ചരിത്രത്തോടും ആദരപൂർവ്വമായ മനോഭാവം സൃഷ്ടിക്കുക.
- പാരിസ്ഥിതികാവബോധം സൃഷ്ടിക്കുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര ലാബ് | സാമൂഹ്യശാസ്ത്ര പഠനം രസകരമാക്കുക താൽപര്യമുളവാക്കുക | ലഭ്യമായ സ്ഥലം ഒരുക്കുന്നു. റഫറൻസ് ഗ്രന്ഥങ്ങൾ, ഭൂപടങ്ങൾ, ചരിത്രകാരന്മാരുടേയും ഭൂമിശാസ്ത്രജ്ഞരുടെ ഫോട്ടോകൾ, പുരാവസ്തുക്കൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ലാബ് സജ്ജമാക്കുക. | ജൂൺ- മാർച്ച് | എസ്.എസ്. അധ്യാപകൻ | 10000/- | പൂർവ്വ വിദ്യാർത്ഥി സംഘടന | എച്ച്.എം. പി.ടി.എ. |
| സ്കൂൾ റേഡിയോ | കുട്ടികളിൽ സാമൂഹ്യ ശാസ്ത്ര പഠനം രസകരമാക്കുക. പഠനത്തോട് താൽപര്യം ജനിപ്പിക്കുക. അന്വേഷണത്വര വർദ്ധിപ്പിക്കുക. ആനുകാലിക പ്രശ്നത്തോടുള്ള അനുഭാവം സൃഷ്ടിക്കുക. | പഠന സഹായി നിർമ്മാണം ഗ്ലോബ് മാതൃക നിർമാണം സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട മാതൃകകൾ നിർമ്മിക്കുക | ജൂൺ - മാർച്ച് | സാമൂഹ്യശാസ്ത്ര ക്ലബ്ബ് അംഗങ്ങൾ കുട്ടികൾ | 1000/- | പി.ടി.എ. എച്ച്.എം. | എച്ച്.എം. ടീച്ചേഴ്സ് |
| മഴമാപിനി നിർമാണം | ഓരോ പ്രദേശത്തും ലഭിക്കുന്ന മഴയുടെ അളവ് അറിയാൻ കാലാവസ്ഥ വ്യതിയാനത്തെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക കാലാവസ്ഥാ മാറ്റം സമൂഹ ജീവിതത്തിൽ വരുത്തുന്ന ആഘാതം മനസ്സിലാക്കാൻ | മഴമാപിനി സ്ഥാപിക്കാനാവശ്യമായ സ്ഥലം കണ്ടെത്തുന്നു. ഒരു നിശ്ചിത വായ് വട്ടമുള്ള ഒരു ചേർപ്പ് എടുക്കുന്നു. അതിനടിയിൽ മഴവെള്ളം ശേഖരിക്കാനായി ഒരു കുഴൽപാത്രവും വെയ്ക്കുന്നു. താഴെ നിന്ന് മുകളിലേക്ക് ഉള്ള ഉയരം മില്ലി മീറ്ററിൽ രേഖപ്പെടുത്തുന്നു | ജൂൺ - നവംബർ | എസ്.എസ്. ക്ലബ്ബ് അംഗങ്ങൾ കുട്ടികൾ | 1000/- | പി.ടി.എ. | എച്ച്.എം. |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| സ്കൂൾ റേഡിയോ | സാമൂഹ്യ വിഷയത്തിൽ താൽപര്യം ഉളവാക്കുക. ആത്മവിശ്വാസം വർദ്ധിപ്പിക്കുക, സർഗാത്മകത വളർത്തുക ആനുകാലിക പ്രശ്നങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക. | ആവശ്യമായ സജ്ജീകരണം ചെയ്യുക സാമൂഹ്യം, ഭാഷ, ഇംഗ്ലീഷ്, സ്കൂൾ വിഷയങ്ങൾക്കായി പ്രയോജനപ്പെടുത്തുക ഇന്റർവെൽ സമയങ്ങളിൽ കുട്ടികൾക്ക് പരിപാടികൾ അവതരിപ്പിക്കാം<br>തിങ്കൾ - മലയാളം<br>ചൊവ്വ - ഹിന്ദി<br>ബുധൻ - ഇംഗ്ലീഷ്<br>വ്യാഴം - ശാസ്ത്രം, സാമൂഹ്യശാസ്ത്രം<br>വെള്ളി - മറ്റു ഭാഷകൾ | ജൂൺ- മാർച്ച് | സീനിയർ അസിസ്റ്റന്റ് എസ്.ആർ.ജി. | 25000/- | പൂർവ്വ വിദ്യാർത്ഥി സംഘടന | എച്ച്.എം. പി.ടി.എ. |
| ദിനാചരണങ്ങൾ | സ്വാതന്ത്ര്യസമര സേനാനികൾ, ചരിത്രകാരന്മാർ, ചരിത്രസംഭവങ്ങൾ എന്നിവയെ കുറിച്ചറിയുക സാമൂഹ്യപ്രതിബന്ധത സൃഷ്ടിക്കുക. | സ്വാതന്ത്ര്യദിനം, ക്വിറ്റ് ഇന്ത്യാദിനം, ഹിരോഷിമ - നാഗസാക്കി ദിനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമാണം, പ്രസംഗമത്സരം, റാലി, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | എസ്.എസ്. ടീച്ചർ | 2000/- | പി.ടി.എ. | പി.ടി.എ. |
| പ്രൊജക്ട് | വിവരശേഖരണം താരതമ്യം അപഗ്രഥനം നിഗമനം രൂപീകരിക്കൽ | വിവിധ വിഷയങ്ങളിൽ പ്രൊജക്ട് ചെയ്യാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. വിഷയം : കേരളത്തിലെ മാറുന്ന സാമൂഹ്യ വ്യവസ്ഥകൾ, ശീലങ്ങൾ | ഒരു ടേമിൽ ഒന്ന് | എസ്.എസ്. അധ്യാപകൻ | | | എച്ച്.എം. |
| ഫീൽഡ് ട്രിപ്പ് | ചരിത്രത്തെ തൊട്ടറിയുന്നതിന് അനുഭവങ്ങൾ പങ്കിടുന്നതിന് സഹകരണ മനോഭാവം വളർത്തുന്നതിന് | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു | ഒരു ടേമിൽ ഒന്ന് | എസ്.എസ്. അധ്യാപകൻ | 10000/- | പി.ടി.എ. | എച്ച്.എം. പി.ടി.എ. |
| സ്കൂൾ പാർലമെന്റ് | ജനാധിപത്യബോധം വളർത്തുക | ജനാധിപത്യരീതിയിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുക. വിവിധ വകുപ്പുമന്ത്രിമാരെ കണ്ടെത്തുക. പാർലമെന്റ് കൂടുക. | മാസത്തി ലൊരിക്കൽ | എസ്.എസ്. അധ്യാപകൻ എസ്.ആർ.ജി. | | | എച്ച്.എം. |

# മേഖല : പരിസ്ഥിതി സൗഹൃദം

## ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കാൻ പാഠ്യപദ്ധതിയെ ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവും അതിലുപരി പരിസര ബന്ധിതവുമാകുമ്പോൾ അതിന്റെ ശ്രേഷ്ഠ വർദ്ധിക്കുന്നു. അതുകൊണ്ടുതന്നെ പ്രകൃതി പഠനത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും കൊണ്ട് പ്രകൃതിയുടെ സന്തുലിതാവസ്ഥ അനുദിനം തകരാറിലായിക്കൊണ്ടിരിക്കുമ്പോൾ പ്രകൃതിയേയും മറ്റു ജീവജാലങ്ങളെക്കുറിച്ചും പഠിക്കാനുള്ള അവസരം വിദ്യാലയത്തിൽ സൃഷ്ടിക്കേണ്ടതുണ്ട്. പ്രകൃതിയിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന പലതരം ജൈവൗഷധങ്ങളും വേരറ്റുപോയിരിക്കുന്നു. ഇവയെല്ലാം നാം തിരിച്ചു പിടിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾ അറിയണം. അവ കാത്തുസൂക്ഷിക്കാനും വരും തലമുറയുടെ ആരോഗ്യ പരിപാലനത്തിനും കൂടി ഒരു ഔഷധോദ്യാനവും വിദ്യാലയത്തിൽ നിർമിക്കുന്നത് പ്രയോജനപ്പെടുമെന്നതിന് സംശയമില്ല. ഭൂമിയിലെ പച്ചപ്പ് കാത്തുസീക്ഷിക്കുകയും ജലം, വായു, മണ്ണ് എന്നിവ മലിനമാകാതെ സൂക്ഷിക്കുകയും, അവയിലെ ആവാസ വ്യവസ്ഥകളെ സംരക്ഷിക്കേണ്ടതും ഓരോരുത്തരുടേയും ഉത്തരവാദിത്തമാണ്.

## പൊതുലക്ഷ്യങ്ങൾ

- പ്രകൃതിവിഭവങ്ങൾ പ്രകൃതിയിലുള്ള സകല ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് എന്ന മനോഭാവം വളർത്തുക.
- പ്രകൃതിയിലെ അസന്തുലിതാവസ്ഥ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന ധാരണ ഉറപ്പിക്കുക.
- പ്രകൃതി വിഭവ സംരക്ഷണം എങ്ങനെയെല്ലാം എന്നറിയുക.
- വായു, ജലം, മണ്ണ് എന്നിവ മലിനമാകാതെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത അറിയുക.
- പ്രകൃതിയോടിണങ്ങി ജീവിക്കുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| ജീവനം<br>(ഔഷധോദ്യാനം) | പ്രകൃതിയോടിണങ്ങി പർത്തിക്കാനവസരം സൃഷ്ടിക്കുക<br>ഔഷധ സസ്യങ്ങളുടെ പ്രാധാന്യം അറിയുക | ജൈവക്ലബ്ബ് രൂപീകരണം<br>മണ്ണൊരുക്കൽ<br>ചെടികൾ - ശേഖരണം, നടൽ<br>ഉദ്ഘാടനം - പി.ടി.എ, സി.പി.ടി.എ<br>ഒരു കുട്ടി - ഒരു ചെടി<br>ഗ്രൂപ്പ് തിരിഞ്ഞ് സമീപ പ്രദേശത്തു നിന്നും ചെടി നടൽ - പി.ടി.എ, സി.പി.ടി.എ.<br>ജൈവവേലി നിർമ്മാണം<br>ഡയറി, കുളം നിർമ്മാണം<br>ഫീൽഡ് ട്രിപ്പ്<br>ബോധവൽക്കരണ ക്ലാസ് (ആയുർവേദം ഡോക്ടർ)<br>സെമിനാർ-അലോപതിയും ആയുർവേദം-ഗുണവും ദോഷവും | ജൂൺ-മാർച്ച്<br>ജൂൺ<br>ജൂലൈ<br>ജൂലൈ<br>ജൂൺ-മാർച്ച്<br>ഡിസംബർ<br>നവംബർ<br>ഫെബ്രുവരി | ചാർജജ് ടീച്ചർ | 10000/- | എസ്.എസ്.എ.<br>പഞ്ചായത്ത് | എച്ച്.എം.<br>പി.ടി.എ. |
| ഹരിതം-സുന്ദരം ഹരിത വിദ്യാലയം | സ്കൂൾ സൗന്ദര്യവത്കരണം പ്രകൃതി സൗന്ദര്യം അറിയുക. | സ്കൂൾ മുറ്റത്ത് ചെടികൾ നട്ടുപിടിപ്പിക്കുന്നു. ഗ്രൂപ്പ് തിരിച്ച് ചുമതലകൾ വിഭജിക്കുക. | ജൂൺ- മാർച്ച് | ടീച്ചേഴ്സ് | 5000 | പി. ടി. എ. | എച്ച്.എം.<br>സീനിയർ അസിസ്റ്റന്റ് |
| ഗ്രീൻ പ്രോട്ടോക്കോൾ | വിദ്യാലയം പ്ലാസ്റ്റിക് മുക്തമാക്കുക<br>കുട്ടികളിൽ പരിസ്ഥിതി സൗഹാർദ്ദ മനോഭാവം രൂപീകരിക്കുക. | തുണിസഞ്ചികൾ ലഭ്യമാക്കുക<br>ജൈവ-അജൈവമാലിന്യങ്ങളെവേർതിരിച്ച്<br>ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.<br>പ്ലാസ്റ്റിക് വിരുദ്ധ പോസ്റ്ററുകൾ തയ്യാറാക്കി ഒട്ടിക്കൽ | ആഗസ്റ്റ് | എസ്. ആർ. ജി. വി.ഇ. ടീച്ചർ | 10000/- | പി.ടി.എ. | എച്ച്.എം. |

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| പരിസ്ഥിതി ദിനാചരണം | കുട്ടികളിൽ പരിസ്ഥിതി സൗഹാർദ്ദ മനോഭാവം രൂപീകരിക്കുക | സ്കൂളിന്റെ പരിസരത്ത് നാട്ടുഫല വൃക്ഷ തൈകൾ വെച്ച് പിടിപ്പിക്കുന്നു<br>ഓരോ ക്ലാസ്സുകളും അവർക്ക് അനുയോജ്യ മായ സ്ഥലത്ത് പൂന്തോട്ടം നിർമാണം.<br>സ്കൂൾ ഗേറ്റ് കഴിഞ്ഞുള്ള റോഡിനിരു വവും തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നു | ജൂൺ | പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ | 1000/- | പി.ടി.എ. ഫണ്ട് | എച്ച്.എം. പി.ടി.എ. |
| വീട്ടടുക്കളത്തോട്ട നിർമാണം | കുട്ടികളിൽ കൃഷിയോട് താൽപര്യം ജനിപ്പിക്കുക.<br>വീട്ടിലേക്കാവശ്യമായ പച്ചക്കറികൾ കഴിയുന്നതും വീട്ടിൽ തന്നെ ഉണ്ടാക്കുക. | ഓരോ വീട്ടിലും ഒരു പച്ചക്കറിത്തോട്ടം നിർമിക്കാൻ ആവശ്യപ്പെടുക.<br>ജൂൺ മുതൽ സെപ്തംബർ വരെ സമയം നൽകുന്നു.<br>മികച്ച പച്ചക്കറി തോട്ടം കണ്ടെത്തി പ്രോത്സാഹനം നൽകുന്നു. | ജൂൺ - സെപ്തംബർ | കുട്ടികൾ | - | - | ടീച്ചേഴ്സ് |

# മേഖല : പ്രവർത്തി പഠനം

## ആമുഖം

ജീവിതത്തിന്റെ സമസ്ത മേഖലയും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ എല്ലാ വിഭാഗം കുട്ടികളുടെയും പഠനപുരോഗതി നാം ലക്ഷ്യമാക്കുന്നു. വ്യത്യസ്ത സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലത്തിലുള്ളവർ, ശാരാരികമോ, മാനസികമോ, ബൗദ്ധികമോ ആയി വ്യത്യസ്തമായ കഴിവുള്ളവർക്കായി വിദ്യാഭ്യാസ പ്രക്രിയയുടെ എല്ലാ മേഖലയിലും കൂടുതൽ സൂക്ഷ്മവും ശാസ്ത്രീയവുമായ നിലപാടുകൾ സ്വീകരിക്കുകയായിരിക്കണം നമ്മുടെ എപ്പോഴത്തേയും കാഴ്ചപ്പാട്. ഭാരത്തിന്റെ ഏറ്റവും വലിയ ശക്തി മാനവ വിഭവ ശേഷിയാണ്. ഇത് ഫലപ്രദമായി ഉപയോഗിച്ച് സൃഷ്ടിപരതയും ഉൽപാദനക്ഷമതയും പർദ്ധിപ്പിക്കേണ്ടതുണ്ട്. സമൂഹത്തിന് പ്രയോജനപ്രദമായ സേവനങ്ങളിലേക്കോ ഉൽപന്ന നിർമിതികളിലേക്കോ വിദ്യാർത്ഥികളെ നയിക്കുന്ന പ്രക്രിയയാണ് പ്രവൃത്തി വിദ്യാഭ്യാസം.

## ലക്ഷ്യങ്ങൾ

- മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും, അതുവഴി മാനിസ്സികോല്ലാസവും വളർത്തിയെടുക്കുക.
- സാമൂഹിക സഹകരണ മനോഭാവം വളർത്തുക.
- പരമ്പരാഗത കൈത്തൊഴിലുകൾ പ്രയോജനപ്പെടുത്തുക.
- പിന്നോക്കക്കാരെ മുഖ്യധാരയിലെത്തിക്കുക.
- ശാക്തീകരിക്കുക.
- മാനവശേഷി വികസനം.
- വ്യക്തിത്വ വികസനം.
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| പ്ലാസ്റ്റികിനെതിരെ | പ്ലാസ്റ്റിക് നിർമാർജനവും അതോടൊപ്പം തൊഴിൽ പഠനവും വരുമാനവും | തുണി സഞ്ചി നിർമാണം<br>പേപ്പർ ബാഗ് നിർമാണം | ജൂൺ, ജൂലൈ, ആഗസ്റ്റ് | വി.ഇ. ടീച്ചർ | മെറ്റീരിയൽ 5000/- | പി.ടി.എ. | എച്ച്.എം. |
| ഡിറ്റർജന്റ് നിർമാണം | കുട്ടികളിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക | ലിക്വിഡ് സോപ്പ്, ബ്യൂട്ടിസോപ്പ്, ടോയ്‌ലറ്റ് ക്ലീനർ, ബാർ സോപ്പ്, വാഷിംഗ് പൗഡർ, ഫ്ളോർ വാഷ് എന്നിവയുടെ നിർമാണം | ജനുവരി- മാർച്ച് | എസ്.ആർ.ജി.<br>വി.ഇ. ടീച്ചർ | മെറ്റീരിയൽ 2000/- | എസ്.എസ്.എ.<br>പി.ടി.എ. | |
| പേപ്പർ ഫ്ളവർ മേക്കിംഗ് | കുട്ടികളിലുള്ള ക്രിയാത്മക കഴിവുകൾ വളർത്തുക | വിവിധ തരത്തിലുള്ള കളർ പേപ്പറുകൾ ഉപയോഗിച്ച് വ്യത്യസ്ത തരത്തിലുള്ള പൂക്കൾ നിർമിക്കുക | ജൂൺ - മാർച്ച് | വി.ഇ. ടീച്ചർ<br>ക്ലാസ് ടീച്ചർ | 1000/- | പി.ടി.എ. | എച്ച്.എം.<br>ക്ലാസ് ടീച്ചർ |

# മേഖല : കലാപഠനം

## ആമുഖം

ലോകത്തിന്റെ ഏത് ഭാഗത്തുള്ളവർക്കും ആശയ വിനിമയം നടത്താൻ കഴിയുന്ന സർവ്വലൗകിക ഭാഷയാണ് കല. കലയിലൂടെ വ്യക്തി അവനവനെ തന്നെ തിരിച്ചറിയുകയും ലോകത്തിൽ തനിക്കുള്ള സ്ഥാപനം മനസ്സിലാക്കുകയും ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുകയും ചെയ്യുമെന്ന് പറയാം. അതുകൊണ്ട് കലാപഠനം എന്നത് ആത്മസാക്ഷാത്കാരത്തിനുള്ള ഒരു ഉപാധിയാണെന്ന് വിലയിരുത്തുന്നു.

തനിക്ക് ചുറ്റുമുള്ള സൗന്ദര്യത്തിന്റെ ലോകത്തിലേക്ക് കുട്ടിയെ നയിക്കുന്ന അതിപ്രധാനമായ പങ്കാള് കലാപഠനത്തിന് നിർവ്വഹിക്കാനുള്ളത്. ഒറ്റയ്ക്കും കൂട്ട് ചേർന്നുമുള്ള പ്രവർത്തനങ്ങളിലൂടെ വിവിധ സാമൂഹിക ജീവിത നൈപുണികളിൽ കൈപിടിച്ചുയർത്താൻ കലാപഠനം സഹായകരമാണ്. സാംസ്കാരികാവബോധം മൂല്യബോധം, ആത്മവിശ്വാസം എന്നിവ നൽകുന്നതിനും കലാപഠനം പ്രയോജനപ്പെടുന്നു.

വരകളുടേയും വർണ്ണങ്ങളുടെയും സമജ്ഞസമാകുന്ന കൂടിചേരലാണ് ചിത്രകലയിലുള്ളത്. ദ്വിമാനമായ പ്രതലത്തിൽ വെളിച്ചത്തേയും നിഴലിനേയും ഉചിതമായി സന്നിവേശിപ്പിച്ച് സൃഷ്ടിക്കുന്ന രൂപങ്ങൾ, സൃഷ്ടിക്കുന്ന ഭാവതലം ആ നായകനിലേക്ക് പകർന്ന് നൽകുകയാണ്. ഇവിടെ. രേഖകളും രൂപങ്ങളുമാണ് ചിത്രകാരന്റെ ഉപാധികൾ. ചുറ്റുപാടുമുള്ള നിരീക്ഷണത്തിലൂടെ മനസ്സിൽ പതിയുന്ന കാഴ്ചകൾ ഉണ്ടാക്കുന്ന പ്രതികരണങ്ങൾ തന്റേതായ കാഴ്ചപ്പാടിലൂടെ രചിക്കുകയാണ് കലാകാരൻ ചെയ്യുക.

## പൊതുലക്ഷ്യങ്ങൾ

- വരകളുടേയും വർണ്ണങ്ങളുടേയും സമജ്ഞസമായ കൂടിച്ചേരലാണ് ചിത്രകല

  ദ്വിമാനമായ പ്രതലത്തിൽ വെളിച്ചത്തേയും നിഴലിനേയും ഉചിതമായി സന്നിവേശിപ്പിച്ച് സൃഷ്ടിക്കപ്പെടുന്ന രൂപങ്ങൾ, സൃഷ്ടിക്കുന്ന ഭാവതലങ്ങൾ ആസ്വാദകനിലേക്ക് പകർന്ന് നൽകുകയാണ് ലക്ഷ്യം.

  രേഖകളും ചായങ്ങളുമാണ് ചിത്രകാരന്റെ ഉപാധികൾ. ചുറ്റുപാടുമുള്ള നിരീക്ഷണത്തിലൂടെ മനസ്സിൽ പതിക്കുന്നു. കാഴ്ചകൾ ഉണ്ടാക്കുന്ന പ്രതികരണങ്ങൾ തന്റേതായ കാഴ്ചപ്പാടിലൂടെ രചിക്കുകയാണ് കലാകാരൻ ചെയ്യുന്നത്. അത്തരം പ്രവർത്തനങ്ങളെ കുട്ടികളിലെത്കിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.
- ചിത്രരചനയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിന് ചിത്രരചനയിൽ ഏർപ്പെടുന്നതിനും സഹായിക്കുന്നു.
- വിവിധ രീതിയിലുള്ള ചിത്രരചനാരീതി പരിചയപ്പെടുന്നതിനും ധാരണകൾ നേടുന്നതിന് സഹായകരമാകുന്നു.

- ചിത്രരചനയിലൂടെവിജ്ഞാനത്തെ ഉല്ലാസവേളകളാക്കുന്നതിനും ചിത്രരചനയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അറിവിന്റെ ആർജിക്കൽഉല്ലാസകരമാക്കി മാറ്റുന്നു.
- ചിത്രങ്ങൾ നിരീക്ഷിക്കുന്നതിനും അറിയുന്നിനും ആസ്വാദനം വളർത്തുന്നതിനും സഹായിക്കുന്നു.
- ചിത്രകാരന്മാരെ അറിയുന്നതിനും ചരിത്രപരമായ ധാരണകൾ രൂപീകരിക്കുന്നതിനും കുട്ടികൾക്ക് താൽപര്യം ഉളവാക്കും.
- മറ്റുവിഷയങ്ങളുടെ പഠനത്തിൽ ചിത്രരചനയുടെ സാധ്യതകൾ പ്രയോഗിക്കുന്നതിൽ ധാരണ നേടുന്നു.
- വസ്തുക്കളുടെ വ്യാപ്തവും വലിപ്പവും തിരിച്ചറിയുന്നതിനും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവിതത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനും കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| ആർട്ട് ഗാലറി | ചിത്രകലയുടെ വിവിധ തലങ്ങൾ അറിയുക<br>കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക<br>താൽപര്യം ജനിപ്പിക്കുക | രേഖാചിത്രങ്ങൾ, കാർട്ടൂണുകൾ, കാരിക്കേച്ചറുകൾ, ചുമർ ചിത്രങ്ങൾ തുടങ്ങി എല്ലാതരം രചനാ രീതികളും പരിചയപ്പെടാനും കലാപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ലഭ്യമാക്കുകയും ചെയ്യുക<br>കമ്പ്യൂട്ടർ ഇന്റർനെറ്റ് സൗകര്യവും ഉണ്ടാകും<br>ചിത്രകലാ ക്യാമ്പുകൾ നടത്തും.<br>മത്സരങ്ങൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കൽ | 5 വർഷം | ആർട് ടീച്ചർ<br>എച്ച്.എം. | 1200000 | എം.പി.<br>എം.എൽ.എ.<br>ഫണ്ട് | എച്ച്.എം.<br>സീനിയർ അസിസ്റ്റന്റ്<br>പി.ടി.എ. |
| ചുമർ ചിത്രങ്ങൾ | ചിത്രകലയിൽ താൽപര്യം ഉളവാക്കൽ | സ്കൂൾ ചുമരുകൾ പ്രകൃതി ദൃശ്യങ്ങളെകൊണ്ട് മനോഹരമാക്കുക<br>കുട്ടികൾക്ക് അവസരം കൊടുക്കുന്നു. | 2 വർഷം | ആർട് ടീച്ചർ<br>എച്ച്.എം. | 100000 | എം.പി.<br>എം.എൽ.എ.<br>ഫണ്ട് | എച്ച്.എം.<br>സീനിയർ അസിസ്റ്റന്റ് |

# മേഖല : ആരോഗ്യ - കായിക വിദ്യാഭ്യാസം

## ആമുഖം

കായിക പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും മാനസികോല്ലാസവും ശാരീരികാരോഗ്യവും, വ്യക്തിയിലും പൊതു സമൂഹത്തിലും ഉറപ്പാക്കുക എന്നതാണ് ആരോഗ്യ - കായിക പഠനത്തിന്റെ പ്രധാന ലക്ഷ്യം. ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കാനും ഇതിലൂടെ കഴിയും. സാമൂഹിക-സാംസ്കാരിക ഐക്യം സൃഷ്ടിക്കുവാനും കുട്ടികളെ സജ്ജരാക്കാൻ ആരോഗ്യ-കായിക പഠനത്തിലൂടെ സാധിക്കും.

## പൊതുലക്ഷ്യങ്ങൾ

- കുട്ടികളെ ആരോഗ്യ-കായിക ക്ഷമത നേടുന്നിതിന് പ്രാപ്തരാക്കുന്നു.
- ശാരീരികവും മാനസികവുമായ സമ്പൂർണ വികാസം
- ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കൽ
- കളികളുടെ അടിസ്ഥാന നൈപുണികൾ സ്വായത്തമാക്കി പ്രകടന മികവിലേക്ക് നയിക്കുക.
- വ്യക്തിത്വ ആരോഗ്യതയിലൂടെ സാമൂഹികാരോഗ്യം കൈവരിക്കുക.
- വ്യക്തിത്വ വികസനം

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധനകാര്യം | ഏജൻസി | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| ആരോഗ്യ കാർഡ് | കായിക ആരോഗ്യം വിലയിരുത്തൽ | ബി.എം.ഐ. പരിശോധന, പരിമിതികൾ പരിഹരിക്കാനായി പ്രത്യേക പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നു. കാർഡിൽ രേഖപ്പെടുത്തുന്നു. | ഓരോ ടേമിലും | പി.ഇ.ടി. ടീച്ചർ | - | - | എച്ച്.എം. |
| യോഗ | മാനസിക- ശാരീരികാരോഗ്യ ക്ഷമത ഉറപ്പു വരുത്തുക. | യോഗ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | പി.ഇ.ടി. ടീച്ചർ | - | - | - |
| വിജയത്തിലേക്ക് | മേളകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക | രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനം | ജൂൺ - മാർച്ച് | പി.ഇ.ടി. | 10000/- | പഞ്ചായത്ത് | പി.ടി.എ. |
| സ്പോർട്സ് റൂം | സ്കൂൾ സ്പോർട്സ് മികവുറ്റതാക്കാൻ | സ്പോർട്സ് സാധനങ്ങൾ, സ്പോർട്സ് താരങ്ങളുടെ ചിത്രങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ റൂം തയ്യാറാക്കൽ | 3 വർഷം | എച്ച്.എം പി.ടി.എ. | 500000/- | എം.പി., എം.എൽ.എ. ഫണ്ട് | - |
| ശുചിത്വവും ആരോഗ്യവും | ശുചിത്വത്തിന്റെ പ്രധാന്യം അറിയുക | കൗൺസിലിംഗ് ക്ലാസ്സുകൾ - ആരോഗ്യ പ്രവർത്തകർ<br>പ്രൊജക്ട് - ശുചിത്വവും ആരോഗ്യവും<br>സി.ഡി. പ്രദർശനം | ജൂലൈ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>പി.ഇ.ടി. ടീച്ചർ | - | - | എച്ച്.എം. |

# ഉപസംഹാരം

നേട്ടങ്ങളും പരിമിതികളും ഉൾക്കൊണ്ടുകൊണ്ടുള്ള വിദ്യാലയത്തിന്റെ പ്രയാണത്തിൽ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വളരെയേറെ പ്രയോജനപ്പെടുമെന്ന് വിശ്വസിക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് പിന്നോക്ക നിലവാരക്കാർക്കും ഗോത്രവർഗ വിദ്യാർത്ഥികൾക്കും മികവാർന്ന അക്കാദമിക നിലവാരത്തിൽ ഇനിയും ഏറെ പ്രതീക്ഷകൾ അർപ്പിച്ചുകൊണ്ട് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഇന്നാട്ടിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കായി സമർപ്പിക്കുന്നു.